7

മറ്റ് പ്രധാന സാമ്പത്തിക ഉൽപന്നങ്ങള്

അദ്ധ്യായ ഉള്ളടക്കങ്ങൾ	സിലബസ് പഠന ഫലങ്ങൾ
എ. മറ്റ് സാമ്പത്തിക ആവശ്യങ്ങൾ	7.2, 7.4, 7.6
ബി. ഉൽപന്ന തരങ്ങൾ, അവയുടെ പ്രത്യേകതകളും ആനുകൂല്യങ്ങളും	7.1, 7.3, 7.5
സി. നികുതിയും അവയുടെ മറ്റ് സാമ്പത്തിക ഉൽപന്നങ്ങളുടെ പ്രയോഗങ്ങളും	7.7
ഡി. ആവശ്യങ്ങൾക്ക് മുൻതൂക്കം നൽകുകയും സാമ്പത്തിക ഉൽപന്നങ്ങളില് പ്രയോഗിക്കലും	7.8

പഠനലക്ഷ്യങ്ങൾ

ഈ അദ്ധ്യായം പഠിച്ചതിനുശേഷം നിങ്ങൾക്ക് സാധിക്കുന്നവ:

- ഒരു വ്യക്തിയുടെ മറ്റ് സാമ്പത്തിക ആവശ്യങ്ങൾ വിശദീകരിക്കുക;
- ലഭ്യമായ ഉൽപന്നങ്ങളുടെ തരങ്ങളും അവയുടെ പ്രത്യേകതകളും ആനുകൂല്യങ്ങളും;
- സാമ്പത്തിക ഉൽപന്നങ്ങൾക്കുള്ള നികുതി പ്രയോഗങ്ങൾ വിവരിക്കുക;
- സാമ്പത്തിക ഉൽപന്നങ്ങൾക്കുള്ള പണപ്പെരുപ്പ പ്രയോഗങ്ങൾ വിവരിക്കുക;
- കക്ഷിയുടെ ആവശ്യങ്ങൾക്ക് മുൻതൂക്കം നൽകി മറ്റ് ആവശ്യങ്ങള് നിർവ്വഹിക്കുക.

ആമുഖം

രണ്ട് മുൻ അദ്ധ്യായങ്ങളില് ലൈഫ് ഇൻഷുറൻസ് സേവിംഗ്സ്/നിക്ഷേപ ആവശ്യങ്ങളുമായി ബന്ധപ്പെട്ട ഒരു വ്യക്തിയുടെ ആവശ്യങ്ങളും കൂടാതെ അവരുടെ ആവശ്യങ്ങളെ നിർവഹിക്കാനുള്ള ഉൽപന്നങ്ങളെക്കുറിച്ചും നമ്മൾ പഠിച്ചു. ഈ അദ്ധ്യായത്തില് ഒരു വ്യക്തിയുടെ സാമ്പത്തിക ആവശ്യങ്ങളെക്കുറിച്ച് നമ്മള് പഠിക്കും, മേൽപറഞ്ഞ രണ്ട് അദ്ധ്യായങ്ങളിലും പഠിച്ച ഉള്ളടക്കം പോലെ തന്നെ പ്രാധാന്യത്തോടെ കാണണം.

പ്രധാനവാക്കുകൾ			
ഈ അദ്ധ്യായത്തിൽ താഴെ പറയുന്ന വാക്കുകളുടെയും ആശയങ്ങളുടെയും വിശദീകരണങ്ങളാണ് ഉള്ളത്:			
ഹെൽത് ഇൻഷുറൻസ്	ഇൻഷുറൻസ് റൈഡർമാര്	പെൻഷന് പദ്ധതി	രൂപ വേണ്ടാത്ത സൌകര്യം
ക്ലെയിം ബോണസ്സില്ല	ആർജ്ജിക്കുന്ന ഘട്ടം	ആശയ വിനിമയം	വ്യക്തിപരമായ ഹെൽത് ഇൻഷുറൻസ് പദ്ധതി
ഫാമിലി ഫ്ലോട്ടർ	ദിവസ ഹോസ്പിറ്റലൈസേഷൻ കാഷ് ബെനിഫിറ്റ് പ്ലാൻ	ആക്സിഡന്റൽ മൃത്യു ബെനിഫിറ്റ് റൈഡർ	ഗുരുതര രോഗ റൈഡർ
ടേം റൈഡർ	വൈവർ ഓഫ് പ്രീമിയം റൈഡർ	ലൈഫ് ആന്യുറ്റി	ഉറപ്പുനൽകിയ കാലാവധി ആന്യുറ്റി
വർദ്ധിക്കുന്ന ആന്യുറ്റി	ആർജ്ജവഘട്ടം	ആവശ്യങ്ങൾക്ക് മുൻഗണന കൊടുക്കൽ	

എ. മറ്റ് സാമ്പത്തിക ആവശ്യങ്ങൾ

ഇൻഡ്യയില് ഇപ്പോള് മികച്ച ആരോഗ്യവും ജീവിത നിലവാരത്തിൽ വർദ്ധനവും പ്രകടമാണ്, അതിനാൽ തന്നെ മരണനിരക്ക് 60 കഴിഞ്ഞിരിക്കുന്നു. പക്ഷെ കൂടിയ ജീവിതം മറ്റ് പല വെല്ലുവിളികളും ഉയർത്തുന്നു.

പരമ്പരാഗത ഉൽപന്നങ്ങള് വഴി (കാലാവധി എന്റോവ്മെന്റ്, മണീബാക്ക്, യൂലിപ്പ് മുതലായവ.) ഇൻഷുറൻസ് കമ്പനികള് അപകടസാദ്ധ്യതകൾക്ക് പരിരക്ഷ നൽകുന്നത് നമ്മള് ഇതിനോടകം തന്നെ കണ്ടുകഴിഞ്ഞു .

എന്നിരുന്നാലും, പെന്ഷലൻ/വിരമിക്കൽ ഉൽപന്നങ്ങള് മറ്റ് സ്ഥിരവരുമാനങ്ങൾ ഇല്ലെങ്കില് വിരമിച്ചവർക്ക് ജീവിതകാലം ഉടനീളം ധനസഹായം നൽകുന്നു. ഈ അദ്ധ്യായയത്തിൽ നമ്മൾ ഇൻഷുറൻസ് കമ്പനികൾ വാഗ്ദാനം ചെയ്യുന്ന റിട്ടയർമെന്റ് ഉൽപന്നങ്ങളെക്കുറിച്ച് പഠിക്കും.

നമ്മുടെ രോഗസാദ്ധ്യത കൂടാതെ രോഗം എന്നിവ വർദ്ധിക്കുകയും ഇൻഷുറൻസ് കമ്പനികൾ ഇവയെ നേരിടാനുള്ള വൈദ്യ ചെലവുകൾക്കായുള്ള ഹെൽത് കെയർ ഉൽപന്നങ്ങള് വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. ഈ അദ്ധ്യായത്തിൽ നമ്മൾ ഇൻഷുറൻസ് കമ്പനികൾ വാഗ്ദാനം ചെയ്യുന്ന ഹെൽത് കെയർ ഉൽപന്നങ്ങളെക്കുറിച്ച് പഠിക്കും.

നമുക്ക് താഴെ കാണുന്ന കേസ് സ്റ്റഡി ഒന്ന് പരിഗണിക്കാം.

കേസ് സ്റ്റഡി

രാജേഷ് വിരമിച്ച് വിശ്രമസമയം പേരക്കുട്ടിയോടൊപ്പം ചെലവഴിക്കുന്നു. നിർഭാഗ്യവശാല്, ഒരു വർഷം മുമ്പ് രാജേഷിന് ഒരു അപകടം സംഭവിക്കുകയും പരിക്കേറ്റ് ആശുപത്രിയിലാവുകയും ചെയ്തു. വിരമിക്കുമ്പോൾ രാജേഷ് സൂക്ഷിച്ചു വെച്ചിരുന്ന ചെറിയ തുക ആശുപത്രി ബില്ലുകൾക്കായി ചെലവാകുകയും വരുമാനത്തിന്റെ സാദ്ധ്യത പാടെ ഇല്ലാതാകുകയും ചെയ്തു, ഇത് പിൽക്കാലത്ത് രാജേഷിനെ തന്റെ മകന്റെ ആശ്രിതനാക്കിമാറ്റി.

രാജേഷിന് സ്വാമ്പത്തിക പദ്ധതിയിൽ എവിടെയാണ് പിഴച്ചത്?

അടിസ്ഥാനപരമായ കാരണം രാജേഷിന് ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ ഇല്ലായിരുന്നു എന്നതാണ്. അദ്ദേഹം ലൈഫ് ഇൻഷുറൻസ് പ്ലാൻ വാങ്ങിയിരുന്നുവെങ്കില്, അത് ആശുപത്രി ചെലവുകള് വഹിക്കുമായിരുന്നു. കൂടാതെ, വിരമിക്കുന്ന സമയത്ത് ശേഖരിച്ചു വെച്ചിരുന്ന രൂപ ഫിക്സഡ് ഡെപ്പോസിറ്റുകളിൽ ഇടുന്നതിനുപകരം പെൻഷന് പ്ലാനില് ഇട്ടില്ല, അത് മാസംതോറുമുള്ള വരുമാനത്തിനായിരുന്നു.

ഈ വിഭാഗത്തിൽ നമ്മൾ വ്യത്യസ്ത തരം ഹെൽത് ഇൻഷുറൻസ് പ്ലാനുകളെയും കൂടാതെ റിട്ടയർമെന്റ് പ്ലാനുകളെയും കുറിച്ച് അവയുടെ പ്രത്യേകതകളെക്കുറിച്ചും ആനുകൂല്യങ്ങളെക്കുറിച്ചും പഠിക്കും.

എ1. ഹെല്‍ത്ത് ഇന്‍ഷുറന്‍സിന്റെ ആവശ്യകതകള്

നമ്മള്‍ ഇതിനോടകംതന്നെ ചര്‍ച്ചചെയ്തതുപോലെ, ഇന്‍ഡ്യയില് ആരോഗ്യരക്ഷാ സൌകര്യങ്ങള്‍ ഗണ്യമായി വര്‍ദ്ധിച്ചിട്ടുണ്ട്. എന്നിരുന്നാലും, അത് അടുത്തകാലത്ത് അടിക്കടി കൂടിവരുന്ന വൈദ്യ ചെലവുകളുടെ ശേഷം മാത്രം സാദ്ധ്യമായതാണ്. ഇന്ന്ആശുപത്രിയില്‍ കിടത്തി നീണ്ടകാലം ചികിത്സിക്കുക എന്നാല്‍ വളരെ ചെലവേറിയതാണ്. ജീവിതം വര്‍ദ്ധിക്കുന്നതോടെ രോഗാവസ്ഥകളും സാദ്ധ്യതകളും വര്‍ദ്ധിക്കുന്നു, ഹെല്‍ത്ത് ഇന്‍ഷുറന്‍സ് മറ്റേത് നിക്ഷേപത്തേക്കാളും ഇന്ന് അത്യന്താപേക്ഷിതമാണ്. ഒരു ഹെല്‍ത്ത് ഇന്‍ഷുറന്‍സ് പ്ലാന്‍ ആശുപത്രി ചെലവിനായി ഒരു വ്യക്തിയ്ക്കും അയാളുടെ കുടിംബാംഗങ്ങള്‍ക്കും സാമ്പത്തിക സഹായം നല്‍കുന്നു. ഇത് ഡോക്ടര്‍മാരുടെ ഫീസ്, മുറിവാടക, മരുന്നുകള്‍ കൂടാതെ മറ്റ് അനുബന്ധ ചെലവുകളും സേവനനിബന്ധനകളിലും വ്യവസ്ഥകളിലും പറഞ്ഞിട്ടുള്ളതുപോലെ പരിരക്ഷിക്കുന്നു.

ഹെല്‍ത്ത് ഇന്‍ഷുറന്‍സ് (മെഡിക്കല്‍ ഇന്‍ഷുറന്‍സ് അല്ലെങ്കില്‍ മെഡിക്ലെയിം എന്നും അറിയപ്പെടുന്നു) താഴെ പറയുന്ന കാരണങ്ങളാല്‍ അത്യാവശ്യമാണ്.

- ജീവിതം അനിശ്ചിതമാണ് ജീവിതകാലം മുഴുവന്‍ ഒരു വ്യക്തി ആരോഗ്യവാനായും രോഗരഹിതനായും തുടരണമെന്നില്ല. ജീവിതത്തിന്റെ ഏത് ഘട്ടത്തിലും ആരോഗ്യ പരിരക്ഷ ഉണ്ടായിരിക്കേണ്ടതാണ്
- അവസാന വര്‍ഷങ്ങളില് ആരോഗ്യ സുരക്ഷയ്ക്കുള്ള ചെലവുകള്‍ ഭീമമായ തോതില്‍ വര്‍ദ്ധിച്ചു. ഹൃദ്രോഗം, അര്‍ബുദം, പ്രമേഹം പോലുള്ള വലിയ രോഗങ്ങള്‍ ഉണ്ടാവുകയാണെങ്കില്‍ ചികിത്സയ്ക്കായുള്ള പണം ഉടനടി സംഘടിപ്പിക്കാന്‍ കഴിയാതെ വരിക മൂലം മരണം തന്നെ സംഭവിക്കാം. കുടുംബം ചികിത്സിയ്ക്കുകയും അതില്‍ ഭീമമായ ബാദ്ധ്യത വന്നുചേരുകയും വ്യക്തി രക്ഷപ്പെടാതിരിക്കുകയും ചെയ്താല്‍ നഷ്ടം കഠിനമാണ്. ലൈഫ് ഇന്‍ഷുറന്‍സ് പരിരക്ഷയുണ്ടെങ്കില്‍ ഈ പ്രശ്നങ്ങള്‍ക്ക് പരിഹാരമാകും.
- എത്ര താഴ്ന്ന വയസ്സിലാണോ വ്യക്തി ആരോഗ്യ പരിരക്ഷ എടുക്കുന്നത്, അത് കാലം ചെല്ലുംതോറും ഉയര്‍ന്നു വരും. ഇവയെല്ലാം വാര്‍ഷികമായി പുതുക്കാവുന്ന പോളിസികളായതിനാല്‍ വ്യക്തിയ്ക്ക് വയസ്സാകുംതോറും, പോളിസി ഉടമയ്ക്ക് വയസ്സ് പ്രശ്നമല്ലാതെ പോളിസി ആരംഭിക്കാന്‍ സാധിക്കും. ഇത് ക്ലെയിം അനുഭവസമ്പത്തിനെക്കൂടി ആശ്രയിച്ചിരിക്കും.

ബോധവാനായിരിക്കുക

ഹെൽത് ഇൻഷുറൻസ് പദ്ധതികള് അവർ കവർ ചെയ്യുന്നതും ചെയ്യാത്തതും വ്യക്തമായി എഴുതിയിട്ടുണ്ട്. പോളിസിയിൽ എഴുതിയിട്ടുള്ള കാര്യങ്ങൾ സൂക്ഷ്മമായി വായിച്ചിരിക്കണം.

ഇത് പരിഗണിക്കുക

ഹെൽത് ഇൻഷുറൻസ് ഉള്ള ഏതെങ്കിലും കുടുംബാഗങ്ങളെയോ കൂട്ടുകാരെയോ നിങ്ങൾക്കറിയാമോ? ഹെൽത് ഇൻഷുറൻസ് പദ്ധതികളുടെ പ്രത്യേകതകളും ആനുകൂല്യങ്ങളും അവരിൽ നിന്ന് മനസ്സിലാക്കുക.

എ2. ഇൻഷുറൻസ് റൈഡേഴ്സിന്റെ ആവശ്യം

റൈഡേഴ്സിന് ഇൻഷുറൻസ് പോളിസിയിലേയ്ക്ക് ചേർക്കാവുന്ന അധിക ആനുകൂല്യങ്ങളുണ്ട്. ഒരു റൈഡർ എന്നാൽ ഒരു വ്യവസ്ഥയോ അല്ലെങ്കിൽ ഒരു വകുപ്പോ അധികം പ്രീമിയം അടയ്ക്കുന്നതിനെ ആസ്പദമാക്കി നൽകുന്നതാണ്, അതായത് അധിക ആനുകൂല്യം = അധിക പ്രീമിയം. അടിസ്ഥാന പ്ലാനിന് വ്യക്തിയ്ക്ക് ആവശ്യമായ പ്രത്യേകതകൾ ഇല്ലെങ്കിൽ റൈഡർ മുഖാന്തരം അത് ചേർക്കാം (ലഭ്യമാണെങ്കിൽ)

റൈഡേഴ്സിന്റെ ആശയം വിശദീകരിക്കുന്നതിനുള്ള ഒരു മാർഗ്ഗം ഐസ്ക്രീം സ്കൂപ്പുകൾ (ഫ്ലേവറുകൾ) ആണ്. അടിസ്ഥാനപരമായ കോൺ തെരഞ്ഞെടുക്കുന്നത് വ്യക്തികളാണ്. റൈഡേഴ്സ് അതിലെ പിന്നീട് ചേർക്കുന്ന സ്കൂപ്പുകളാണ്.

ഉൽപന്ന ബ്രൌഷറുകളിൽ മിക്ക ഇൻഷുറർമാരും പറയാറുള്ള കാര്യം ഓരോ ഉൽപന്നത്തിനും റൈഡറുകൾ ലഭ്യമാണ് എന്നതാണ്. ഒരു പ്ലാൻ ഇച്ഛാനുസൃതമാക്കി മാറ്റാൻ റൈഡറുകള് സഹായിക്കുന്നു. ഇത് ഒരുപാട് പ്ലാനുകൾ വാങ്ങുന്നതിനെക്കാള് എത്രയോ ഫലപ്രദമാണ്, നല്ലതും. റൈഡറുകളെക്കുറിച്ച് കൂടുതലറിയാൻ വിഭാഗം ബി3 കാണുക.

എ3. പെൻഷന് പ്ലാനുകളുടെ ആവശ്യകത

ജീവിതം നീണ്ടുപോകുന്നതിന്റെ സാദ്ധ്യതകള് നീണ്ടുപോകുന്നതോടെ, വ്യക്തികൾക്ക് അവരുടെ ജോലി ചെയ്യുന്ന പ്രായത്തിൽ നിക്ഷേപം നടത്തി

നീക്കിയിരിപ്പുണ്ടാക്കുക എന്നത് വളരെ പ്രധാനപ്പെട്ടതായിരിക്കുന്നു. അവർക്ക് ഇതേ ജീവിത ശൈലി തുടരാൻ വളരെയേറെ വരുമാനം ഉണ്ടാകണം.

വിരമിച്ചതിനുശേഷം സുഃഖകരമായി ജീവിക്കാനാഗ്രഹിക്കുന്ന ആരുടെയും ആവശ്യമാണ് ഈ പദ്ധതികൾ.

ഒരു വ്യക്തിയുടെ തൊഴിൽ വർഷങ്ങളില് റിട്ടയർമെന്റ് ഇൻഷുറൻസ് മാസംതോറും കുറഞ്ഞ തുകയ്ക്ക് അടയ്ക്കുക അനായാസമാകും. ഇത്തരത്തിൽ വ്യക്തി വിരമിക്കുന്ന പ്രായം ആകുന്നതോടെ ലംപ് സം തുക ആർജ്ജിക്കാന് സാധിക്കും. അത് അവരെ ഒരു റിട്ടയർമെന്റ് പദ്ധതിയിൽ അംഗമാകാന് അനുവദിക്കുന്നു.

ഇത് പരിഗണിക്കുക

നിങ്ങളുടെ മാതാപിതാക്കളോ വിരമിച്ചവരായ മുത്തച്ഛന്മാരോ എന്തെല്ലാം പദ്ധതികളിലാണ് അവരുടെ കാലത്ത് നിക്ഷേപിച്ചത് എന്ന് ചോദിച്ചറിയുക.

ബി. ഉൽപന്നതരങ്ങള്, അവരുടെ പ്രത്യേകതകളും ആനുകൂല്യങ്ങളും

ബി1. ഹെൽത് പ്ലാൻ തരങ്ങള്

വിപണിയിൽ നാല് തരം ഹെൽത് പ്ലാനുകള് ലഭ്യമാണ്. അവയോരോന്നും പരിശോധിക്കാം:

ബി1എ. വ്യക്തിഗത ഹെൽത് ഇൻഷുറൻസ് പ്ലാൻ

പേര് വ്യക്തമാക്കുന്നതു പോലെ ഒരു വ്യക്തിയുടെ പരിരക്ഷയും ആരോഗ്യത്തിന്റെ ആവശ്യകതയും കവര് ചെയ്യുന്നത്.

ഉദാഹരണം

അജയനും ടീനയും വിവാഹിതരാണ്. അവരുടെ വിവാഹത്തിന് മുമ്പ് അജയന് ഒരു

വ്യക്തിഗത ഹെൽത് ഇൻഷുറൻസ് പോളിസി എബിസി കമ്പനിയിൽ നിന്ന് 1,00,000 രൂപ എടുത്തു, അതിൽ

ആരോഗ്യ ആവശ്യങ്ങളാണ് പരിരക്ഷിക്കപ്പെട്ടിരുന്നത്. ടീനയും വേറെ ഒരു

വ്യക്തിഗത ഹെൽത് പ്ലാൻ എടുത്തിരുന്നു

അതും കമ്പനി എബിസിയിൽ നിന്ന് 1,00,000 രൂപ ആരോഗ്യ കാര്യങ്ങൾക്കായുള്ളതായിരുന്നു.

ബി1ബി. ഫാമിലി ഫ്ലോട്ടർ ഹെൽത് ഇൻഷുറൻസ് പ്ലാൻ

ഒരു ഫാമിലി ഫ്ലോട്ടർ പ്ലാന് എന്നാല് വ്യക്തിഗത ഹെൽത് പ്ലാനില് നിന്ന് വ്യത്യസ്തമാണ്. ഈ പദ്ധതിയിൽ കുടുംബാംഗങ്ങൾക്ക് പരിരക്ഷ ലഭിക്കുന്നു. ഒരു വ്യക്തിയ്ക്ക് സ്വയം സംക്ഷണവും, അവരുടെ പങ്കാളി, കുട്ടികൾ, രക്ഷിതാക്കള് എന്നിവർക്ക് സംരക്ഷണവും ലഭിക്കും. ഇൻഷുറൻസ് കമ്പനി മൊത്തം പരിരക്ഷിക്കാവുന്ന ആളുകളുടെ എണ്ണം പരാമർശിച്ചേക്കാം. ഇത്തരം പ്ലാനിൽ, ഇൻഷുറൻസ് പരിരക്ഷ കുടുംബാംഗങ്ങൾക്കിടയില് പങ്കുവെയ്ക്കപ്പെടുകയും ഉറപ്പായ ഒരു അനുപാതത്തിലല്ലാതെ പരിരക്ഷിക്കപ്പെടുകയും ചെയ്യും.

ഉദാഹരണം

അജയനും ടീനയും വിവാഹിതരാണ്, അവർക്ക് ഒരു ഫാമിലി ഫ്ലോട്ടർ ഇൻഷുറൻസ് പ്ലാൻ, 2,00,000 രൂപയാണ്. ഈ പരിരക്ഷയിലെ 2,00,000 രൂപ അജയനും ടീനയും പങ്കുവെയ്ക്കുന്നത് ഒരു നിശ്ചിത അനുപാതത്തിലല്ല. അവർ രണ്ടുപേരും ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടാലും പരമാവധി നൽകുന്ന തുക 2,00,000 രൂപയായിരിക്കും.

ബി1സി. ഗ്രൂപ്പ് ഹെൽത് ഇൻഷുറൻസ് പ്ലാൻ

ഈ ഹെൽത് ഇൻഷുറൻസ് പ്ലാന് ഒരു പൊതു ആവശ്യത്തിനായി ആളുകളെ ഒരുമിച്ച് ചേർക്കുകയാണ് ചെയ്യുന്നത്. ഉദാഹരണത്തിന്, ഒരു രാജ്യത്തെ ജോലിക്കാർ ഒരു ഗ്രൂപ്പാകാം. ഒരുപാട് തൊഴില്ദാതാക്കൾ അവരുടെ ജീവനക്കാർക്ക് വൈദ്യ അത്യാവശ്യങ്ങൾക്കും കൂടാതെ ഗ്രൂപ്പ് ഹെൽത് കവർ ജീവനക്കാരുടെ കുടുംബാംഗങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുകയും ചെയ്യുന്നു.

ഉദാഹരണം

അജയന് ഒരു സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു. കമ്പനി അതിന്റെ ജീവനക്കാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും ഗ്രൂപ്പ് ഹെൽത്

ഇൻഷുറൻസ് ലഭ്യമാക്കുന്നു. അതിനാൽ അജയന് തന്റെ ഭാര്യ ടീനയെയും കമ്പനിയുടെ ഹെൽത് ഇൻഷുറൻസ് പ്ലാനില് ചേർക്കാന് സാധിക്കും

ബി1ഡി. ദിവസ ഹോസ്പിറ്റലൈസേഷന് കാഷ് ബെനിഫിറ്റ് പ്ലാന്

ഈ തരം ഹെൽത് പ്ലാനില് ഇൻഷുറൻസ് കമ്പനി നിശ്ചിതമായ ഒരു തുക ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുകയാണെങ്കില് നൽകുന്നു. ഈ പദ്ധതി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട എല്ലാ ദിവസത്തിലും ലഭിക്കുന്നു, അതിന് ചികിത്സയ്ക്ക് ചെലവാക്കിയ തുക പ്രശ്നമല്ല (പോളിസിയിലെ സേവന നിബന്ധനകൾക്കനുസരിച്ച്) . ദിനംപ്രതി നൽകുന്ന ഈ തുക ചികിത്സയുടെ തുകയെക്കാൾ കൂടുതലോ കുറവോ ആകാം.

ഇൻഷുറൻസ് കമ്പനി അധികം തുക ഇൻഷേ്വർഡിന് കൊടുക്കും.

ഇന്റൻസീവ് കെയർ യൂണിറ്റില് (ഐസിയു) പ്രവേശിപ്പിക്കപ്പെടുകയാണെങ്കിലാണ്. ഗുരുതരമായ രോഗമുണ്ടാവുകയോ സർജറി ആവശ്യമായി വരികയോ ചെയ്താൽ അധിക ലംപ് സം തുക പ്ലാനിന്റെ സേവന നിബന്ധനകൾക്കനുസരിച്ച് ലഭ്യമാക്കുന്നതാണ്. ഈ പ്രതിദിന തുക ഇൻഷേ്വർഡിന് മറ്റേത് ഇൻഷുറൻസ് ഉണ്ടെങ്കിലും ലഭിക്കുക തന്നെ ചെയ്യും. പോളിസി പ്രകാരം വർഷത്തില് ആശുപത്രി പ്രവേശനത്തിന് തുക ലഭ്യമാക്കുന്നതിന് ദിവസങ്ങൾക്ക് നിശ്ചിത പരിധിയുണ്ട്. ഇത് പോളിസി സേവന നിബന്ധനകളിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഉദാഹരണം

ദയവായി ശ്രദ്ധിക്കുക: താഴെ പരാമർശിച്ചിരിക്കുന്ന കണക്കുകളും തുകകളും ഉദാഹരണങ്ങൾ മാത്രമാണ്, എന്നുമാത്രമല്ല ദൈനംദിന ഹോസ്പിറ്റലൈസേഷൻ കാഷ് ബെനിഫിറ്റുകള് ഓരോ ഇൻഷുറൻസ് കമ്പനികൾക്കും വ്യത്യസ്തവുമായിരിക്കും.

അജയൻ ഒരു സ്വകാര്യ കമ്പനിയിൽ ജോലി ചെയ്യുന്നു. കമ്പനി അതിന്റെ ജീവനക്കാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും ഹെൽത് ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കുന്നു. അതിനാൽ അജയൻ തന്റെ ഭാര്യ ടീനയെയും ഈ ഹെൽത് ഇൻഷുറൻസ് പ്ലാനില് ചേർത്തി. എന്നിരുന്നാലും കമ്പനി അവർക്ക് നൽകിയ പരിരക്ഷ അപര്യാപ്തമായിരുന്നു, അതിനാൽ അദ്ദേഹം പ്രതിദിന ഹോസ്പിറ്റലൈസേഷൻ കാഷ് ബെനിഫിറ്റ് പ്ലാന് കമ്പനിയുടെ

ഹെൽത് പരിരക്ഷയ്ക്ക് അധികമായി എടുത്തു.

അജയന് എടുത്ത പ്രതിദിന ഹോസ്പിറ്റലൈസേഷൻ കാഷ് ബെനഫിറ്റ് പ്ലാന് വാഗ്ദാനം ചെയ്തത് 2,000 രൂപ വീതം ആശുപത്രി പ്രവേശന ദിവസങ്ങളിൽ എന്ന കണക്കിലായിരുന്നു. മാത്രമല്ല ഇൻഷുറൻസ് കമ്പനി വ്യക്തമാക്കുന്നത് ഐസിയുവിൽ അജയൻ പ്രവേശിപ്പിക്കപ്പെടുന്ന ദിവസത്തിന് രൂപ 2,000 വെച്ച് നൽകുകയും ചെയ്യും. എന്നിരുന്നാലും ഇൻഷുറന്സ് കമ്പനി വാർഷിക പരിധിയായി 1,20,000 രൂപ ആശുപത്രി പ്രവേശനത്തിനും ആണെന്നും, കൂടാതെ 1,20,000 രൂപ ഐസിയു പ്രവേശനത്തിനും ദിവസം പ്രതിയാണെന്നും വ്യക്തമാക്കുന്നുണ്ട്. ഇത് വ്യക്തമാക്കുന്നത് അജയന് വർഷത്തില് 60 ദിവസം ക്ലെയിം ചെയ്യാം എന്നാണ്. ഇൻഷുറൻസ് കമ്പനി വ്യക്തമാക്കുന്ന മറ്റൊരു കാര്യം അജയന് ഗുരുതരമായ രോഗം ഉണ്ടാവുകയാണെങ്കിൽ ലംപ് സം തുകയായി 50,000 രൂപ നൽകുമെന്നാണ്.

മുകളിൽ പറഞ്ഞ നിശ്ചിത തുക അജയന് വാസ്തവത്തിൽ ഉണ്ടായ ആശുപത്രി ചെലവ് എന്താണ് എന്നതിനെ ആസ്പദമാക്കിയല്ല, എന്ന് മാത്രമല്ല അജയന് കമ്പനിയുടെ കീഴിലുള്ള ഹെൽത് ഇൻഷുറൻസ് പ്ലാനിന്റെ ആനുകൂല്യവും കൈപ്പറ്റാനാകുമെന്നാണ്.

ബി2. ഹെൽത് പ്ലാനുകളുടെ പ്രത്യേകതകളും ആനുകൂല്യങ്ങളും

ഹെൽത് ഇൻഷുറൻസ് പ്ലാനുകള് വ്യത്യസ്തങ്ങളായ പ്രത്യേകതകളോടും ആനുകൂല്യങ്ങളോടും കൂടിയാണ് വരുന്നത്. അവയിൽ ചിലത്:

1. **വിലയിടല്**: ഹെൽത് ഇൻഷുറൻസ് പ്ലാനിന്റെ കാര്യം അതിലുള്ള വ്യക്തിയുടെ വയസ്സ്, ആരോഗ്യം, ശീലങ്ങൾ കൂടാതെ കുടുംബത്തിന്റെ ആരോഗ്യ ചരിത്രം എന്നിവയെ ആശ്രയിച്ചിരിക്കുന്നു. മറ്റെല്ലാ ഘടകങ്ങളും സ്ഥിരമായി നിലനിൽക്കുന്നു. പോളിസി ഉടമയുടെ വയസ്സ് കൂടുന്നതിനനുസരിച്ച് പ്രീമിയവും കൂടുന്നു. അതുകൊണ്ട്, ഹെൽത് പ്ലാന് എടുക്കാന് നല്ലത് ചെറുപ്പമാണ്, എന്തന്നാൽ ചെറുപ്പത്തില് പ്രീമിയം നിരക്ക് അത്ര അധികമായിരിക്കില്ല എന്നാൽ അത് വയസ്സാകുന്തോറും വർദ്ധിച്ചുവരുന്നു.

ഉദാഹരണം

കരൺ ഒരു ഹെല്ത്ധ ഹെൽത് ഇൻഷുറൻസ് പോളിസി 3,00,000 രൂപയ്ക്ക് വാർഷിക പ്രീമിയമായ 7,000 രൂപയ്ക്ക് വാങ്ങി. കരണിന് ഹൃദയാഘാതമുണ്ടാവുകയും ഒരു ഓപ്പറേഷൻ ആവശ്യമായിവരികയും

ചെയ്തു. ആശുപത്രി ബില്ലായ 2,50,000 രൂപ ഹെൽത് ഇൻഷുറൻസ് കമ്പനി അടച്ചു. അതിനാൽ ഈ കേസിൽ പ്രീമിയം തുകയായ 7,000 രൂപ എന്നത് അദ്ദേഹത്തിന് ലഭിച്ച ആനുകൂല്യവുമായി തട്ടിച്ചുനോക്കുമ്പോൾ ഒന്നുമല്ല.

2. **കാഷില്ലാത്ത സൌകര്യം**:ചില പ്ലാനുകൾ കാഷില്ലാത്ത സൌകര്യം ഏർപ്പെടുത്തും. ഇത്തരം കേസുകളിൽ വ്യക്തിയ്ക്ക് ഹെൽത് ഇൻഷുറൻസ് പ്ലാനിന്റെ ഭാഗമായി തിരിച്ചറിയൽ കാർഡ് നൽകും. ഇൻഷുറൻസ് ഉള്ള വ്യക്തി കമ്പനിയുടെ ശൃംഖലയിലുള്ള ആശുപത്രിയിൽ പ്രവേശിക്കുമ്പോള് കമ്പനിയെ വിവരമറിയിക്കണം. ഇത് ഹെൽത് ഇൻഷുറൻസ് നൽകാനായി കമ്പനിയുമായി കരാറുള്ള ആശുപത്രികളായിരിക്കും. അപ്രൂവൽ ലഭിച്ചതിനുശേഷം ഇൻഷേർഡിന് ചികിത്സാ ചെലവുകൾ അടയ്ക്കേണ്ടതില്ല, മറിച്ച് ഇൻവോയിസുകള് കമ്പനിയ്ക്ക് നേരിട്ട് അയയ്ക്കുകയാണ് പതിവ്. ഇതുമായി ബന്ധപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും വ്യക്തമാക്കിയിട്ടുണ്ടാകും.

ബോധവാനായിരിക്കുക

എല്ലാ ചെലവുകളും ഇൻഷുറൻസ് കമ്പനിയുടെ പരിരക്ഷയിൽ ഉൾപ്പെടില്ല. ചില ചെലവുകൾ പരിരക്ഷയുടെ പരിധിയില് പെടാത്തവയായിരിക്കും. ഇത് കമ്പനിയ്ക്കനുസരിച്ച് വ്യത്യസ്തമായിരിക്കും

ശൃംഖലയ്ക്ക് പുറത്തുള്ള ഒരു ആശുപത്രിയിലാണ് പ്രവേശിപ്പിക്കപ്പെടുന്നതെങ്കിൽ, ഇൻഷേർഡ് ആശുപത്രി ചെലവുകൾ സ്വയം അടയ്ക്കുകയും പിന്നീട് രേഖകള് സമർപ്പിച്ച് ഇൻഷുറൻസ് കമ്പനിയില് നിന്ന് നഷ്ടപരിഹാരം നൽകുകയുമാണ് പതിവ്.

3. **വൈദ്യപരിശോധനകൾ:** മിക്ക ഹെൽത് ഇൻഷുറൻസ് കമ്പനികളും പോളിസി പുറപ്പെടുവിക്കുന്നതിന് മുമ്പ് ശരിയായ വൈദ്യ പരിശോധന നടത്തുകയാണ്, ഇത് നിർദ്ദേശകന്റെ വയസ്സ്, പരിശോധനകളുടെ എണ്ണം എന്നതിനെ ആസ്പദമാക്കിയാണ്. ഡോക്ടറുടെ റിപ്പോർട്ടിനെ ആസ്പദമാക്കി ഇൻഷുറൻസ് കമ്പനി പ്രപ്പോസൽ സ്വീകരിക്കണോ, അഥവാ സ്വീകരിച്ചാൽ തന്നെ എന്ത് വിലയ്ക്ക് എന്നെല്ലാം തീരുമാനിക്കും.

4. **നിലനിൽക്കുന്നരോഗം**: മിക്ക ഇൻഷുറൻസ് പോളിസികളും ഒരു നിശ്ചിതകാലഘട്ടത്തിനുശേഷം ഇത് പരിരക്ഷിക്കുന്നു, ഇത് സാധാരണയായി 'കാത്തിരിപ്പ് കാലാവധി' എന്ന് അറിയപ്പെടുന്നു. ചില ഇൻഷുറൻസ്

കമ്പനികൾ നിലവിലുള്ള എല്ലാ രോഗങ്ങളും പട്ടികയിൽ ചേർക്കുകയും പോളിസിയിലെ നിബന്ധനകൾക്കനുസരിച്ച് പെരുമാറുകയും ചെയ്യുന്നു; ഉദാഹരണത്തിന് പ്രമേഹം പോലുള്ള രോഗങ്ങൾ ഒരു പക്ഷെ മൂന്നോ നാലോ വർഷങ്ങൾക്ക് ശേഷം ചികിത്സിക്കപ്പെടാം. നിലവിലുള്ള രോഗത്തിന്റെ ചികിത്സയുമായി ബന്ധപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും കമ്പനികൾക്കനുസരിച്ച് വ്യത്യസ്തമായിരിക്കും.

5. **നോ-ക്ലെയിം ബോണസ്സ്**: ഒരു വർഷം ക്ലെയിം ഇല്ലെങ്കിൽ, ഇൻഷുറൻസ് പുതുക്കുന്ന സമയത്ത് ഒരു നോ-ക്ലെയിം ബോണസ്സ് നൽകിയേക്കാം. അതായത് കമ്പനി അടുത്ത വർഷത്തെ പ്രീമിയം തുക കിഴിച്ചേക്കാം.

6. **സ്ഥിരം ഒഴിവാക്കലുകൾ:** പോളിസിയിൽ വ്യക്തമാക്കിയിരിക്കുന്നതു പ്രകാരം എല്ലാ ഹെൽത് ഇൻഷുറൻസ് പ്ലാനുകളിലും ചില ഒഴിവാക്കലുകൾ ഉണ്ടാകും, ഉദാഹരണത്തിന് മരുന്നുകളുടെ ദുരുപയോഗം അല്ലെങ്കിൽ വൈദ്യ നിർദ്ദേശം പിൻതുടരാതിരിക്കുക.

7. **ഉടനടിയുള്ള പരിചരണം**: പോളിസി ഉടമയുടെ സൌകര്യത്തിനനുസരിച്ച് എത് സമയത്തും ഉടനടി ചികിത്സലഭ്യമാണ്. പോളിസി ഉടമയ്ക്ക് ചികിത്സിച്ചാൽ മാറാവുന്ന അസുഃഖമേ ഉള്ളുവെങ്കിൽ ഭാവിയിലേയ്ക്കുള്ള കൂടിക്കാഴ്ച ബുക്ക് ചെയ്യാനാകില്ല.

8. **സേവിംഗ്സ്, ലോൺ എന്നിവയ്ക്ക് ലംപ് സമുകള് ആവശ്യമില്ല**: പ്രീമിയം അടച്ചുകഴിഞ്ഞതിനാൽ ഇൻഷുറൻസ് കമ്പനി മെഡിക്കൽ പേയ്മെന്റുകള് നടത്തിക്കോളും എന്നതിനാൽ തന്നെ പോളിസി ഉടമ അതിനെക്കുറിച്ച് വ്യാകുലപ്പെടേണ്ടതില്ല.

ചോദ്യം 7.1

ഹെൽത് പ്ലാനുകളുടെ ചില പ്രത്യേകതകളും ആനുകൂല്യങ്ങളും പട്ടികപ്പെടുത്തുക

ബി3. റൈഡേഴ്സ്

എ2 വിഭാഗത്തില് ചർച്ച ചെയ്തതു പോലെ, റൈഡേഴ്സ് പോളിസി ഉടമകൾക്ക് അധികം ആനുകൂല്യങ്ങൾ ലഭ്യമാകത്തക്ക വിധത്തിൽ ഇൻഷുറൻസ് പരിരക്ഷ ഇച്ഛാനുസൃതമാക്കാൻ സാധിക്കും. ഈ വിഭാഗത്തിൽ നമ്മൾ റൈഡേഴ്സിന്റെ ചില ഉദാഹരണങ്ങള് പരിഗണിക്കും.

ബി3എ. ദുർഘടന മൃത്യു ലാഭം (എഡിബി) റൈഡർ.

ഇൻഷേർഡിന് അപകടം മൂലം മരണം സംഭവിച്ച് ആനുകൂല്യം ലഭിക്കാൻ, ഈ റൈഡർ മറ്റൊരു അധിക തുക റൈഡർ എടുക്കുന്ന സമയത്ത് സാധാരണ തുകയ്ക്കും അധികമായി അടയ്ക്കേണ്ടതാണ്. മരണം ബാഹ്യമായ അപകടം മൂലവും കാഴ്ചയ്ക്ക് അപകടം നടന്ന പ്രതീതി ജനിപ്പിക്കുന്നതുമായിരിക്കണം. ഈ റൈഡറിൽ നടത്തിയ പേയ്മെന്റ് പോളിസിയില് വ്യക്തമാക്കിയിട്ടുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും ബാധകമായിരിക്കും.

ഒരു എഡിബി റൈഡർ ഇൻഡ്യയില് വർദ്ധിച്ചുവരുന്ന അപകട നിരക്കു പ്രകാരം ഉയർന്ന പ്രാധാന്യമുള്ളതാണ്. റൈഡർ ആനുകൂല്യം ലഭിക്കാത്ത ഒഴിവാക്കലുകളുള്ള കാര്യങ്ങൾ കമ്പനി ഉൽപന്നങ്ങളില് പ്രത്യേകം പരാമർശിക്കും.

ഉദാഹരണം

മഹേഷ് ഒരു ടേം ഇൻഷുറൻസ് പോളിസി 25,00,000 രൂപയ്ക്ക് എബിസി കമ്പനിയിൽ നിന്ന് വാങ്ങാന് ഉദ്ദേശിക്കുന്നു. മാത്രമല്ല അദ്ദേഹം ദുർഘടന മൃത്യു ലാഭം (എഡിബി) അപേക്ഷിക്കാനും ആഗ്രഹിക്കുന്നു.

എഡിബി റൈഡറിനായി എബിസി ഇൻഷുറൻസ് കമ്പനി താഴെ പറയുന്ന നിബന്ധനകളും വ്യവസ്ഥകളും വ്യക്തമാക്കിയിട്ടുണ്ട്:

കുറഞ്ഞ പ്രവേശന പ്രായം	15 വയസ്സ്
പരമാവധി പ്രവേശനപ്രായം	55 വയസ്സ്
പരമാവധി മെച്യൂരിറ്റി പ്രായം	60 വയസ്സ്
കുറഞ്ഞ സം ഇൻഷേർഡ്	50,000രൂപ
പരമാവധി സം ഇൻഷേർഡ്	10,00,000 രൂപഅല്ലെങ്കിൽ അടിസ ഇൻഷേർഡ് കുറഞ്ഞ തുക
അപകടം നടന്ന് 180 ദിവസത്തിനകം മരണം നടന്നിരിക്കണം	

മുകളിൽ പറഞ്ഞ നിബന്ധനകളുടെയും വ്യവസ്ഥകളുടെയും അവലോകനം:

- മഹേഷിന് 15 വയസ്സായാല് മാത്രമേ റൈഡർ എടുക്കാന് സാധിക്കൂ, പക്ഷെ 55 വയസ്സിന് ശേഷം സാധിക്കുകയുമില്ല.
- മഹേഷിന് 60 വയസ്സാകുന്നതോടെ റൈഡർ സ്വയം ഇല്ലാതാവുകയും അടിസ്ഥാന പോളിസി മാത്രം തുടരുകയും ചെയ്യും.
- മഹേഷിന് 50,000 ല് താഴ്ന്ന റൈഡർ തെരഞ്ഞെടുക്കാനാകില്ല.
- മഹേഷിന് അടിസ്ഥാന സം ഇൻഷേർഡ് 10,00,000 രൂപ വരെ പരമാവധി തെരഞ്ഞെടുക്കാം (ഈ കേസിൽ 25,00,000 രൂപ, എത്ര താഴ്ന്നാലും. അതിനാൽ ഈ കേസിൽ മഹേഷിന് എഡിബി

റൈഡറിൽ പരമാവധി 10,00,000 രൂപ തെരഞ്ഞെടുക്കാം.

- മഹേഷിന് അപകടം സംഭവിക്കുകയും ആശുപത്രിയിലാവുകയും ഒമ്പതാം മാസത്തിനു ശേഷം മരണം സംഭവിക്കുകയാണെങ്കിൽ ഇൻഷുറൻസ് കമ്പനി എഡിബി റൈഡർ പ്രകാരം നോമിനിയ്ക്ക് തുക നൽകുകയില്ല, എന്നിരിക്കിലും അടിസ്ഥാന പോളിസി തുക നൽകുന്നതാണ്. ഈ റൈഡറിന് കീഴിലുള്ള തുക അപകടം സംഭവിച്ച് 180 ദിവസത്തിനകം മരിക്കുകയാണെങ്കിലാണ് നൽകുന്നത്.

*ഇത് വെറും ഒരു ഉദാഹരണം മാത്രമാണെന്നും എഡിബി റൈഡർ ഓരോ കമ്പനികൾക്കനുസരിച്ചും വ്യത്യസ്തമായിരിക്കുമെന്നും ദയവായി മനസ്സിലാക്കിയിരിക്കുക.

ബി3ബി. ടേം റൈഡർ

ഈ റൈഡർ പോളിസിയിലെ മരണ പരിരക്ഷയായി കുറഞ്ഞ ചെലവിൽ ഉപയോഗിക്കാൻ സാധിക്കും. വ്യക്തിയ്ക്ക് സേവിംഗ്സ് പോളിസി ഒരു എന്റോവ്മെന്റ് പോളിസി പോലെയോ അല്ലെങ്കിൽ പ്രത്യേക ടേം ഇൻഷുനറൻസായി മൃത്യു കവര് വർദ്ധിപ്പിക്കാന് ഒരേ സമയം ആഗ്രഹിക്കുകയും ചെയ്യുകയാണെങ്കിൽ, അവർക്ക് ഈ റൈഡർ തെരഞ്ഞെടുക്കാം. ഇൻഷുറൻസ് കമ്പനി റൈഡർക്ക് ഒഴിവാക്കലിനായി പറ്റുന്നതും ആനുകൂല്യങ്ങൾ ലഭിക്കാത്തതുമായ ഉൽപന്നങ്ങളെക്കുറിച്ചും വിശദമാക്കുന്നുണ്ട്.

ഉദാഹരണം

മഹേഷ് തന്റെ മകന്റെ 20 വർഷത്തെ വിദ്യാഭ്യാസത്തിനായി 25,00,000 രൂപ ആർജ്ജിക്കാന് എന്റോവ്മെന്റ് പ്ലാന് എടുക്കാന് ഉദ്ദേശിക്കുന്നു. മഹേഷിന് ടേം ഇൻഷുറൻസ് പരിരക്ഷയായഫ

10,00,000 രൂപയും അധികമായി വേണം. അതിനാൽ മഹേഷ് എന്റോവ്മെന്റ് പ്ലാൻ

25,00,000 രൂപ അടിസ്ഥാന ടേം ഇൻഷു റന്സ്പ റൈഡറായി ലഭിക്കുന്ന സം ഇൻഷ്വേർഡ് 10,00,000 രൂപ ലഭിക്കുന്നത് ചേർക്കാന് ആഗ്രഹിക്കുന്നു.

ഇൻഷുറൻസ് കമ്പനി താഴെപ്പറയുന്ന നിബന്ധനകളും വ്യവസ്ഥകളും ടേം ഇൻഷുറൻസ് റൈഡറിനായി വ്യക്തമാക്കിയിട്ടുണ്ട്:

കുറഞ്ഞ പ്രവേശന പ്രായം	15 വയസ്സ്

പരമാവധി പ്രവേശന പ്രായം	55 വയസ്സ്
മെച്യൂരിറ്റിയുടെ പരമാവധി പ്രായം	60 വയസ്സ്
കുറഞ്ഞ സം ഇൻഷ്വേർഡ്	രൂപ 50,000
പരമാവധി സം ഇൻഷ്വേർഡ്	ഇൻഷ്വേര് ചെയ്ത അടിസ്ഥാനത്തിന് തുല്യമായത്

മുകളിൽ പറഞ്ഞ വ്യവസ്ഥകളുടെ അവലോകനം:

- മഹേഷിന് 15 വയസ്സായാല് മാത്രമേ റൈഡർ എടുക്കാന് സാധിക്കൂ, പക്ഷെ 55 വയസ്സിന് ശേഷം സാധിക്കുകയുമില്ല.
- മഹേഷിന് 60 വയസ്സാകുന്നതോടെ റൈഡർ സ്വയം ഇല്ലാതാവുകയും അടിസ്ഥാന പോളിസി മാത്രം തുടരുകയും ചെയ്യും.
- മഹേഷിന് 50,000 രൂപയില് താഴ്ന്ന റൈഡർ തെരഞ്ഞെടുക്കാനാകില്ല.
- മഹേഷിന് അടിസ്ഥാന സം ഇൻഷ്വേർഡ് 10,00,000 വരെ പരമാവധി തെരഞ്ഞെടുക്കാം
- ഈ കേസിൽ 25,00,000 രൂപ എത്ര താഴ്ന്നാലും. അതിനാൽ ഈ കേസില് മഹേഷിന് എഡിബി റൈഡറിൽ 25,00,000 രൂപ തെരഞ്ഞെടുക്കാം, പക്ഷെ മഹേഷിന് ആവശ്യം 10,00,000 രൂപ മാത്രമാണ്.
- മഹേഷ് ഈ പോളിസിയുടെ കാലാവധിയിൽ മരിക്കുകയാണെങ്കില് നോമിനി/ബെനിഫിഷ്യറിയ്ക്ക് അടിസ്ഥാന സം ഇൻഷ്വേർഡായ 25,00,000 രൂപ ലഭിക്കും കൂടാതെ 10,00,000 രൂപ പോളിസി സേവന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും അനുസരിച്ച് കിട്ടുകയും ചെയ്യും.

*ഇത് വെറും ഒരു ഉദാഹരണം മാത്രമാണെന്നും എഡിബി റൈഡർ ഓരോ കമ്പനികൾക്കനുസരിച്ചും വ്യത്യസ്തമായിരിക്കുമെന്നും ദയവായി മനസ്സിലാക്കിയിരിക്കുക

ബിദസി. ഗുരുതരരോഗം (സിഐ) റൈഡർ

ഈ റൈഡർ ഗുരുതരരോഗ (സിഐ) നിർണ്ണയത്തിന് തുക ലഭ്യമാക്കുന്നു. ഈ തുക വൈദ്യചികിത്സ, ആശുപത്രി പ്രവേശനം, അല്ലെങ്കിൽ സിഐ കണ്ടെത്തിയതിനുശേഷം ഉണ്ടായ വരുമാന നഷ്ടം എന്നിവയ്ക്കായും ഇത് ഉപയോഗിക്കാം. ഈ റൈഡറിനായി ഇൻഷുൻസ് കമ്പനി വ്യക്തമാക്കിയ പട്ടിക പ്രകാരമുള്ള സിഐകൾ പരിരക്ഷിക്കപ്പെടേണ്ടതുണ്ട്. ഇത് ഇൻഷുനറർമാർക്കനുസരിച്ച് മാറും.



ഇൻഷുറര് കുറഞ്ഞ പ്രവേശന പ്രായം, പരമാവധി മെച്യൂരിറ്റി പ്രായം, കൂടാതെ പരമാവധി സം ഇൻഷ്വേർഡ് അതുപോലെ കുറഞ്ഞ സം ഇൻഷ്വേർഡ്, എന്നിവ റൈഡറിനായി വ്യക്തമാക്കും. ഈ ചിത്രം ഇൻഷുററർമാർക്കിടയില് വ്യത്യസ്തമായിരിക്കും. ഇൻഷുറര് ഈ റൈഡറിനായി മാത്രം മറ്റ് നിബന്ധനകളും വ്യവസ്ഥകളും വ്യക്തമാക്കാനും സാദ്ധ്യതയുണ്ട്. ഇൻഷുനറൻസ് കമ്പനി റൈഡർ

എടുക്കാൻ കഴിയുന്ന ഉൽപന്നങ്ങളെക്കുറിച്ചും ആനുകൂല്യങ്ങൾ നൽകാനാകാതെ ഒഴിവാക്കിയവയുടെ പട്ടികയും വ്യക്തമാക്കുന്നുണ്ട്.

ബോധവാനായിരിക്കുക

ഇൻഷുനറൻസ് കമ്പനികള് സാധാരണയായി ലംപ് സം തുക നൽകുന്നത് റൈഡർ പോളിസി ഉടമയ്ക്ക് സിഐ (റൈഡർ പ്രകാരം)തുക നൽകേണ്ടത് ബാദ്ധ്യതയുണ്ടെന്ന് കണ്ടെത്തുകയും കൂടാതെ റൈഡർ ആനുകൂല്യങ്ങള് സീസ് ചെയ്യുമ്പോഴുമാണ്. എന്നിരിക്കെ ഈ റൈഡറിന് കീഴില് തുടർച്ചയായി ഉണ്ടാകുന്ന ക്ലെയിമുകൾ ഇൻഷുനറൻസ് കമ്പനി അനുവദിക്കില്ല.

ചോദ്യം 7.2

സിഐ റൈഡറുടെ പരിരക്ഷയിൽ വരുന്ന പുതിയ അഞ്ച് സാരണ സിഐകളുടെ പേരുകളെഴുതുക.

ബിദഡി. വേയ്വര് ഓഫ് പ്രീമിയം (ഡബ്ല്യൂഓപി) റൈഡർ

പോളിസി ഉടമയ്ക്ക് റൈഡര് ഭാവി പ്രീമിയമുകൾ രോഗമോ അപകടമോ മൂലം ജോലി ചെയ്യാൻ സാധിക്കാതെ വരികയാണെങ്കിൽ വേയ് ചെയ്യുന്നു. ഇൻഷുറൻസ് കമ്പനി തുടർന്നും പോളിസി ഉടമയ്ക്കുവേണ്ടി അടയ്ക്കുകയും കൂടാതെ പോളിസി സാധാരണ പോലെ തുടരുകയും ചെയ്യും.

പോളിസി ഉടമയുടെ മരണം മൂലമോ അല്ലെങ്കിൽ വൈകല്യം സംഭവിക്കുന്നതു മൂലമോ ഉണ്ടാകുന്ന മുടക്കം റൈഡർ ഉണ്ടെങ്കില് ലാപ്സാകുന്നതിനെ തടയാൻ സാധിക്കും.

ചില ചൈൽഡ് പ്ലാനുകളുടെ കാര്യത്തിൽ ഡബ്ല്യൂഓപി റൈഡർ സ്വാഭാവികമായി ഉണ്ടായിരിക്കുകയും മറ്റുള്ളവയ്ക്ക് ഓപ്ഷണൽ ആനുകൂല്യമായിരിക്കുകയും ചെയ്യും. ഡബ്ല്യൂഓപി റൈഡർ മരണം സംഭവിക്കുന്ന പക്ഷം പോളിസി അടയ്ക്കുന്നത് തുടരുകയും കുട്ടിയുടെ ഭാവിയ്ക്ക് ദോഷം വരാത്ത തർത്തില് പോളിസി സാധാരണ പോലെ തന്നെ തുടരുകയും ചെയ്യുന്നു. അത്തരം കേസുകളിൽ, പോളിസി ആനുകൂല്യങ്ങൾ കുട്ടിയ്ക്ക് ലഭിക്കുന്നതുവരെ പ്രീമിയം വേയ് ചെയ്യുന്നു.

ഇൻഷുററർമാർക്ക് കുറഞ്ഞ പ്രവേശന പ്രായം, പരമാവധി പ്രവേശന പ്രായം, പരമാവധി മെച്യൂരിറ്റി പ്രായം കുറഞ്ഞ മെച്യൂരിറ്റിപ്രായം എന്നിവ ഡബ്ല്യൂഓപി റൈഡർക്ക് ബാധകമാക്കുന്നു. ഈ കണക്ക് ഇൻഷുററർമാർക്കിടയില് മാറുന്നു. റൈഡറിന് ആവശ്യമുള്ള നിബന്ധനകളും വ്യവസ്ഥകളും ഇൻഷുററ് വ്യക്തമാക്കിയേക്കാം. ഇൻഷുററൻസ് കമ്പനി റൈഡർ എടുക്കാന് കഴിയുന്ന ഉൽപന്നങ്ങളെക്കുറിച്ചും ആനുകൂല്യങ്ങൾ നൽകാനാകാതെ ഒഴിവാക്കിയവയുടെ പട്ടികയും വ്യക്തമാക്കുന്നുണ്ട്.

ബി3ഇ. ഇൻഷുഴറൻസ് കമ്പനികള് വാഗ്ദാനം ചെയ്യുന്ന മറ്റ് റൈഡറുകൾ

ഇൻഷുനററൻസ് കമ്പനികള് വാഗ്ദാനം ചെയ്യുന്ന മറ്റ് ചില റൈഡറുകൾ:

സർജിക്കൽ കെയർ റൈഡർ

- ഇൻഷേഡർഡിന്റെ തലച്ചോറ്, ഹൃദയം, ശ്വാസകോശം, കരൾ മുതലായവയ്ക്ക് നടത്തുന്ന ചികിത്സാ ചിലവുകൾ റൈഡർ തെരഞ്ഞെടുക്കുന്ന സമയത്ത് നിശ്ചയിച്ച നിബന്ധനകൾക്കും വ്യവസ്ഥകൾക്കും അനുസരിച്ച് നൽകുന്നു.

ആശുപത്രി കെയർ റൈഡർ

- ഈ റൈഡർ ചികിത്സാ ചിലവുകൾ റൈഡർ തെരഞ്ഞെടുക്കുന്ന സമയത്ത് നിശ്ചയിച്ച നിബന്ധനകൾക്കും വ്യവസ്ഥകൾക്കും അനുസരിച്ച് നൽകുന്നു. ഈ റൈഡറിന് കീഴിൽ പേയ്മെന്റ് രണ്ട് തരത്തിലാണ് നടത്തുക. ഇൻഷുററൻസ് കമ്പനി ചികിത്സയുടെ യഥാർത്ഥ തുക നൽകും (വ്യവസ്ഥകൾ പ്രകാരം എന്ത് പരിരക്ഷിക്കപ്പെട്ടിരിക്കുന്നു എന്നതിനെ അടിസ്ഥാനമാക്കി) അല്ലെങ്കിൽ പ്രതിദിനാടിസ്ഥാനത്തിൽ ഇൻഷുററൻസ് കമ്പനി ഒരു നിശ്ചിത തുക എത്ര ദിവസം ഇൻഷേഡർഡ് ആശുപത്രിയിലായിരുന്നു എന്നത് കണക്കാക്കി നൽകുന്നു. പോളിസി ഉടമ ഐസിയുവിൽ പ്രവേശിപ്പിക്കപ്പെടുകയാണെങ്കിൽ ഇൻഷുററൻസ് കമ്പനി അധിക തുകയും നൽകും. കമ്പനികൾക്കുതമ്മിൽ ഇക്കാര്യത്തിൽ വ്യത്യാസങ്ങളുണ്ടാകാം. ബി1 വിഭാഗത്തിൽ സൂചിപ്പിച്ചിട്ടുള്ള വ്യക്തിഗത പോളിസികൾ ഈ റൈഡറിന് സമാനമാണ്.

ഗാരണ്ടീഡ് ഇൻഷുറബിലിറ്റി റൈഡർ

- വിവാഹം, കുട്ടിയുടെ ജനനം, ഒരു വീട് വാങ്ങുക മുതലായ ജീവിത ആവശ്യങ്ങൾ വരുമ്പോൾ ഈ റൈഡർ ഇൻഷേഡർഡിന് പരിരക്ഷ കൂട്ടി നൽകുന്നു.

ബി4. റൈഡറുകളുടെ പ്രത്യേകതകളും ആനുകൂല്യങ്ങളും

റൈഡറുകളുടെ പ്രത്യേകതകളും ആനുകൂല്യങ്ങളും ഉൾക്കൊള്ളുന്നത്:

- **അധിക പരിരക്ഷ**: റൈഡർ ചേർക്കുന്നതിലൂടെ ഇൻഷേഡർഡിന് അധിക സുരക്ഷ നേടാനാകും. റൈഡർ പരിരക്ഷയുടെ നിലവാരവും സാദ്ധ്യതയും വർദ്ധിപ്പിക്കാന് സഹായിക്കുന്നു.
- **സാധാരണ ചിലവ്**: ഒരു പുതിയ പ്ലാൻ വാങ്ങുന്നതുമായി താരതമ്യം ചെയ്യുമ്പോൾ റൈഡറിന്റെ ചെലവ് തീരെ കുറവാണ്. ഉദാഹരണത്തിന്

മരണ പരിരക്ഷ വർദ്ധിപ്പിക്കാനായി ഒരു വ്യക്തി ഒരു എന്റോവ്മെന്റ്. വാങ്ങുകയാണെങ്കിൽ ഒരു പ്രത്യേക പോളിസി ചേരുന്നതിനു പകരം അവർക്ക് ഒരു റൈഡർ ചേർക്കാം, കൂടാതെ പരിരക്ഷ അധികം ചെലവില്ലാതെ വർദ്ധിപ്പിക്കുകയും ചെയ്യാം.

- **ഇച്ഛാനുസൃതമാക്കൽ**: ഉപഭോക്താവിന്റെ താൽപര്യത്തിനനുസരിച്ച് റൈഡറുകള് ഹെൽത് പ്ലാനുകള് ഇച്ഛാനുസൃതമാക്കാന് സഹായിക്കുന്നു. ഇൻഷുറർമാർക്കും ഒരുപാട് അടിസ്ഥാന പ്ലാനുകളിൽ നിന്ന് റൈഡര് ഓപ്ഷന് നൽകുക വഴി സഹായകരമാണ് അത് കക്ഷിയ്ക്കും ഒരു പോലെ സഹായകരമാണ്. ഓരോ പ്ലാനും ഒന്നോ അതിലധികമോ റൈഡർ ചേർത്ത് എടുക്കാവുന്നതാണ്. അഞ്ച് അടിസ്ഥാന പ്ലാനുകളും കൂടാതെ ഏഴ് റൈഡറുകളും, വാസ്തവത്തിൽ 35 അല്ലെങ്കില് അതിലധികം ഓപ്ഷനുകൾ പ്രദാനം ചെയ്യുന്നു.
- **ഫ്ലെക്സിബിലിറ്റി:** പോളിസി ഉടമയുടെ ഇഷ്ടപ്രകാരം ഒരുപാട് റൈഡറുകൾ ചേർക്കുകയോ നീക്കം ചെയ്യുകയോ ചെയ്യാം, അതിനാൽ തന്നെ ഇതിന് ഉയർന്ന തരത്തിലുള്ള ഫ്ലെക്സിബിലിറ്റി ഉണ്ട്.
- **നികുതി ആനുകൂല്യങ്ങൾ**: റൈഡറുകൾക്കായി അടച്ചിട്ടുള്ള പ്രീമിയം പകുതി നിയമത്തിന്റെ വിവിധ വകുപ്പുകൾക്ക് കീഴില് ഇളവുകൾക്ക് പാത്രമാണ്.

റൈഡറുകൾക്കുള്ള ഐആർഡിഎ നിയമങ്ങൾ

2002 ഏപ്രിലില് പുറപ്പെടുവിച്ച് 2002 ഒക്റ്റോബറില് പുതുക്കിയ ഐആർഡിഎ നിയമം പ്രകാരം:

- ആരോഗ്യം അല്ലെങ്കിൽ ഗുരുതര രോഗവുമായി ബന്ധപ്പെട്ടുള്ള എല്ലാ റൈഡറിലുമുള്ള പ്രീമിയം, ഗ്രൂപ്പ് ഇൻഷുറൻസ് ഉൽപന്നങ്ങളുടെ കാര്യത്തിൽ അടിസ്ഥാന പോളിസിയുടെ 100% കവിയാന് പാടില്ല;
- മറ്റെല്ലാ റൈഡറുകളിലും ചേര്ത്ത് പ്രീമിയം അടിസ്ഥാന പോളിസിയുടെ 30% കവിയാന് പാടില്ല; കൂടാതെ
- ഓരോ റൈഡറിലും ഉണ്ടാകുന്ന ആനുകൂല്യങ്ങൾ അടിസ്ഥാന പോളിസിയുടെ സം ഇൻഷ്വേർഡില് കവിയാന് പാടില്ല.

ഈ നിയമങ്ങളാൽ ഐആർഡിഎ ഏതൊരു പോളിസിയ്ക്കും വാഗ്ദാനം ചെയ്യാവുന്ന റൈഡറിന്റെ എണ്ണം നിയന്ത്രിച്ചു. ഈ പരിധികൾ സമയാസമയങ്ങളില് മാറ്റത്തിന് വിധേയമാകാവുന്നതാണ്.

ബി5. അന്യൂറ്റികൾ

ലൈഫ് ഇൻഷുനറൻസിന്റെ 'വിപരീത'മായിട്ടാണ് ആന്യൂറ്റികളെ സാധാരണ പരിഗണിക്കാറുള്ളത്; അതും ഒരു ലൈഫ് ഇൻഷുറൻസിന് കീഴില് മരണം ഇൻഷുര് ചെയ്യുന്ന കരാർ വഴി അടച്ചു തുടങ്ങുക, പക്ഷെ ഒരു ആന്യുറ്റിയ്ക്ക് കീഴില് ഇൻഷുറൻസ് കരാര് ചെയ്യുന്നത് സാധാരണയായി **അന്യൂറ്റന്റിന്റെ മരണത്തോടുകൂടി** അവസാനിക്കുന്നു.

ലൈഫ് ഇൻഷുറൻസ് കമ്പനികളില് നിന്നാണ് ആന്യൂറ്റികള് വാങ്ങുന്നത്. അവ ഒരു ലംപ് സം തുക വഴിയോ അല്ലെങ്കിൽ പല വർഷങ്ങളിലായി പരന്നുകിടക്കുന്ന ചെറിയ ചെറിയ തുകകളിലൂടെയോ ആവാം. അന്യൂട്ടന്റ് അല്ലെങ്കിൽ മറ്റൊരു ആന്യൂട്ടന്റിനായിരിക്കണം പേയ്മെന്റ് നടത്തേണ്ട വ്യക്തി അന്യൂട്ടന്റിന്റെ തൊഴില് ദാതാവ് പോലുള്ളവരെ അല്ലെങ്കിൽ വ്യക്തിപരമായി ആനുകൂല്യം ലഭിക്കുന്നയാൾ അല്ലെങ്കില് ഒരു പെൻഷന് പദ്ധതി.

ഒരു ആന്യൂറ്റി എന്നാൽ അത് ഒരു ആന്യുറ്റി ദാതാവിൽ നിന്നും ആന്യുറ്റന്റ് എന്നറിയപ്പെടുന്ന ഒരു വ്യക്തിയിലേയ്ക്ക്, പരമ്പരയായി നടത്തിയ സ്ഥിരം പേയ്മെന്റാണ്.

അന്യൂറ്റീസ് ഉടനടിയുള്ളതോ അല്ലെങ്കിൽ വൈകിയുള്ളതോ ആയിരിക്കാം.

- **ഉടനടിയുള്ള ആന്യുറ്റികൾ** ഉടനടി ലംപ് സം വാങ്ങുന്നു. ആന്യൂറ്റി പേയ്മെന്റുകള് ആരംഭിക്കുന്നത് ഒരു മാസത്തിന്റെ അവസാനം, കാൽ വാർഷികം, അർദ്ധവാർഷികം അല്ലെങ്കിൽ വാർഷികം എന്ന തരത്തിൽ പോളിസി പ്രത്യേകതകളെ അടിസ്ഥാനമാക്കിയാണ്.
- **വൈകുന്ന ആന്യുറ്റീസ്** അഡ്വാൻസില് നിന്നുമാണ് അടയ്ക്കുന്നത്. അന്യുറ്റി വെസ്റ്റ് ചെയ്യുന്നതിന് മുമ്പ് ആന്യുറ്റി വാങ്ങൽ വില ലംപ് സം ആയി അടയ്ക്കാവുന്നതാണ്. പകരം, വൈകിയ ആന്റ്യൂറ്റികള് ഇൻസ്റ്റാൾമെന്റുകളായി പല വെസ്റ്റിംഗ് വർഷങ്ങളിലൂടെയും വാങ്ങാവുന്നതാണ്.

ഉദാഹരണം

വെസ്റ്റിംഗ്

- 40 ആം വയസ്സിൽ അജയന് ഒരു റിട്ടയർമെന്റ് പ്ലാന് ഇൻഷുയൻസ് കമ്പനിയ്ക്ക് 10 ലക്ഷം രൂപ ലംപ് സം ആയി കൊടുത്ത് വാങ്ങി.
- തന്റെ വിരമിക്കല് പ്രായമായ 60 ല് ആന്യുറ്റി പേയ്മെന്റുകള് ലഭിക്കണമെന്നതാണ് അജയന്റെ ആവശ്യം. ആന്യുറ്റി പേയബിളാകുന്നതു മുതൽ അറിയപ്പെടുക വെസ്റ്റിംഗ് എന്നാണ്.
- അതിനിടയിൽ 20 വര്ഷം ഇൻഷുറൻസ് കമ്പനി അജയന് വേണ്ടി ലംപ് സമുകൾ നിക്ഷേപിക്കുകയും വരുമാനം ഉണ്ടാക്കുകയും ചെയ്യും. അജയന്റെ വിരമിക്കലില് ആർജ്ജിച്ച ധനം അദ്ദേഹത്തിന് സ്ഥിരമായ ആന്യുറ്റി ആയി ഉപയോഗിക്കും.
- വിരമിക്കൽ ദിവസമാണ് സാധാരണയായി വെസ്റ്റിംഗ് തിയതി

എന്തെന്നാൽ ആന്യുറ്റി പേയ്മെന്റ് ആ ദിവസം മുതലാണ് ആരംഭിക്കുക.

- വെസ്റ്റിങ്ങിന്റെ സമയത്ത് അജയന് അതേ കമ്പനിയില് നിന്നു തന്നെ പെൻഷപന് പ്ലാൻ വാങ്ങണോ വേണ്ടയോ അല്ലെങ്കിൽ മറ്റെതെങ്കിലും ഇൻഷുററെ സമീപിക്കണോ എന്ന് തീരുമാനിക്കുക അദ്ദേഹത്തിന്റെ ഇഷ്ടമാണ്. ഈ ഓപ്ഷൻ പെൻഷന് ദാതാവ് ഓപ്പൺ മാർക്കറ്റ് ഓപ്ഷൻ പ്രകാരം തെരഞ്ഞെടുക്കാനാണ്.
- വെസ്റ്റിങ്ങിന്റെ സമയത്ത് അജയന് ആന്യുറ്റി പ്ലാൻ തെരഞ്ഞെടുക്കാന് അതും അദ്ദേഹത്തിന് ലഭ്യമായ ആന്യുറ്റി ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ സാധിക്കും.
- ആന്യുറ്റി പേയൌട്ട് തെരഞ്ഞെടുത്ത ആന്യുറ്റിയ്ക്കും അതിന്റെ നിരക്കിനെയും അടിസ്ഥാനമാക്കിയിരിക്കും വെസ്റ്റിങ്ങിന്റെ സമയത്ത് നിലനിർത്തുക

പ്രയോഗത്തിൽ ഒരുപാട് വ്യത്യസ്തതകള് ലഭ്യമാണ്.

ഇതാ ചില ഉദാഹരണങ്ങൾ:

ബി5എ. ലൈഫ് അന്യുറ്റി

പേര് സൂചിപ്പിക്കുന്നതുപോലെ, ഇത്തരം അന്യുറ്റികളിൽ ആന്യുറ്റന്റിന് ആന്യുറ്റി ലഭിക്കുന്നു

ഇൻഷുറൻസ് കമ്പനിയില് നിന്ന് ജീവിതകാലം മുഴുവൻ ലഭിക്കുന്ന പേയ്മെന്റ്. അവരുടെ മരണത്തോടെ ആന്യുറ്റി പേയ്മെന്റ്, അവസാനിക്കുന്നു. ഉദാഹരണത്തിന്, സഞ്ജയന് ലൈഫ് ആന്യുറ്റി പ്ലാൻ വാങ്ങുക വഴി ഇൻഷുറൻസ് കമ്പനിയില് നിന്ന് മരണം വരെ സ്ഥിരമായ ആന്യുറ്റി പേയ്മെന്റ് ലഭിക്കും.

ബോധവാനായിരിക്കുക

ലൈഫ് ആന്യുറ്റികൾ (ഉടനടിയുള്ളതും വൈകലുള്ളതും) സാധാരണയായി പണം കൊണ്ട് വാങ്ങുന്നതും അത് പെൻഷനുമായി ബന്ധപ്പെട്ടതും സാധാരണ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കാത്തതുമാണ് (താഴെക്കാണുന്ന വിഭാഗം ബി6 പെൻഷന് പ്ലാനുകളെക്കുറിച്ച് കൂടുതലറിയാനായി കാണുക).

ബി5ബി. ഗാർണ്ടീഡ് പിരീഡ് ആന്യുറ്റി

ഇത്തരം ആന്യുറ്റിയിൽ ആന്യുറ്റന്റിന് പരമാവധി കാലത്തേയ്ക്ക് 5,10,15 അല്ലെങ്കിൽ 25 വർഷം ആന്യൂട്ടന്റ് ജീവിച്ചിരിപ്പുണ്ടെങ്കിലും ഇല്ലെങ്കിലും ആന്യുറ്റി പേയ്മെന്റ് ലഭിക്കും. തിരഞ്ഞെടുത്ത കാലത്തിനിടെ

ആന്യൂട്ടന്റിന്റെ മരിക്കുകയാണെങ്കില്, ബാക്കിയുള്ള തിരഞ്ഞെടുത്ത കാലത്തെ ഇൻസ്റ്റാൾമെന്റുകള് ബെനിഫിഷ്യറിയ്ക്ക് ലഭിക്കും. ആന്യൂട്ടന്റ്. ഇപ്പോഴും ജീവിച്ചിരിക്കുകയും ഗാരണ്ടി കാലാവധി അവസാനിച്ചിട്ടും ജീവിച്ചിരിക്കുകയുമാണെങ്കില് അയാളുടെ മരണം വരെ പേയ്മെന്റ് തുടരുന്നു.

ബി5സി. ജോയിന്റ് ലൈഫ്, അവസാന സർവയര് ആന്യുറ്റി

ഇത്തരം ആന്യുറ്റിയിൽ സാധാരണയായി രണ്ട് ആന്യുറ്റികളുണ്ട്, ഉദാഹരണം ഭർത്താവും ഭാര്യയും. ആദ്യ മരണത്തിനു ശേഷം, ആരു മരിക്കുന്നു എന്നത് ബാധിക്കാതെ തന്നെ പങ്കാളിയ്ക്ക് അവരുടെ ജീവിതകാലത്ത് ലഭിച്ചിരുന്ന ആന്യുറ്റി തന്നെ തുടർന്നും ലഭിക്കുന്നു, അതായത് അവർ ജീവിച്ചിരുന്ന കാലത്തെ 100% തന്നെ. ഇത്തരം ആന്യുറ്റി തരത്തിന്റെ 1 മറ്റൊരു പ്രത്യേകതയുള്ള ആന്യൂട്ടന്റ് ജീവിച്ചിരിക്കുന്ന കാലത്തും പങ്കാളിയുടെ മരണശേഷവും അതേ ആന്യുറ്റി പേയ്മെന്റ് തന്നെ അവരുടെ ജീവിതകാലത്ത് കുറഞ്ഞ ശതമാനം പേയ്മെന്റ് ലഭിക്കണം, ഉദാഹരണം 25%, 50% അല്ലെങ്കില് 75% അല്ലെങ്കില് ആന്യുറ്റിയുടെ ശരിയായതുക ലഭിക്കുന്നു. ഇത്തരം ആന്യുറ്റിയോടു കൂടി പേയ്മെന്റുകള് ആദ്യം നാമകരണം ചെയ്ത ആന്യുറ്റി ജീവിച്ചിരിക്കെത്തന്നെ 100% പേയ്മെന്റ് നൽകുന്നു. അവരിൽ ആദ്യം നാമകരണം ചെയ്യപ്പെട്ട പങ്കാളി ജീവിച്ചിരിപ്പുണ്ടെങ്കിൽ, പോളിസിയില് പറഞ്ഞിട്ടുള്ളതു പോലെ അവർ മരിക്കുന്നതു വരെ കുറഞ്ഞ ശതമാനമായി ലഭിക്കുകയും ചെയ്യുന്നു.

ഉദാഹരണത്തിന് സഞ്ജയും അദ്ദേഹത്തിന്റെ ഭാര്യ ശീതളും ഒരു സംയുക്ത ആന്യുറ്റി തെരഞ്ഞെടുത്തു. ഈ കേസിൽ സഞ്ജയ്ക്ക് ജീവിതകാലത്തുടനീളം ഇൻഷുറൻസ് കമ്പനിയില് നിന്നും സ്ഥിരമായ വരുമാനം ലഭിച്ചുകൊണ്ടിരിക്കും. സഞ്ജയന്റെ മരണമുണ്ടാകുമ്പോൾ ശീതളിന് അവരുടെ ജീവിതകാലത്ത് കുറഞ്ഞ ആന്യുറ്റി പേയ്മെന്റാണ് ലഭിക്കുക. ശീതളിന്റെ ആ മരണശേഷം ആന്യുറ്റിപേയ്മെന്റ്. നിലയ്ക്കുന്നു. ശീതൾ സഞ്ജയന് മുമ്പ് മരിക്കുകയാണെങ്കില്, ആന്യുറ്റി പേയ്മെന്റ് സഞ്ജയന്റെ മരണത്തോടെ നിലയ്ക്കുന്നു.

ബി5ഡി. പർച്ചേസ് വിലയോടൊപ്പം ലൈഫ് ആന്യുറ്റി റിട്ടേൺ

ഇത്തരം ആന്യുറ്റിയിൽ, ആന്യൂട്ടന്റിന്റെ ജീവിതകാലത്ത് സ്ഥിരം ആന്യുറ്റി പേയ്മെന്റ് പാത്രമാകുന്നു. അവരുടെ മരണത്തിൽ, യഥാർത്ഥ വാങ്ങൽ വില നോമിനി/ബെനിഫിഷ്യറിയ്ക്ക് തിരികെ ലഭിക്കുന്നു. പർച്ചേസ് മൂല്യം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ആർജ്ജിക്കല് ഘട്ടത്തിനവസാനം നിക്ഷേപിച്ചിട്ടുള്ള തുകയാണ് (ആന്യുറ്റി വാങ്ങിയ തുകയോടൊപ്പം)

അല്ലെങ്കിൽ ചുറ്റുപാടുകൾക്കനുസൃതമായി ആന്യുറ്റി വാങ്ങിയ ലംപ് സം തുകയാണ്.

ബി5ഇ. വർദ്ധിക്കുന്ന ആന്യുറ്റി

ഇത്തരം ആന്യുറ്റികളിൽ നിബന്ധനകളും വ്യവസ്ഥകളും മേൽ പറഞ്ഞതിന് സമാനമായിരിക്കും, പക്ഷെ ആന്യുറ്റി എല്ലാ വർഷവും ഒരു നിശ്ചിത ശതമാനം വർദ്ധിക്കുകയും അല്ലെങ്കിൽ അംഗീകൃതമായ പണപ്പെരുപ്പത്തിനനുസരിച്ച് പുനർനിശ്ചയിക്കപ്പെടുകയോ ചെയ്യുന്നു.

ബി6. പെൻഷന് പ്ലാനുകള്

വ്യക്തികൾക്കും അവരുടെ ആശ്രിതർക്കും പെൻഷന് ആനുകൂല്യങ്ങള് പെൻഷന് പ്ലാനുകൾക്കും നിക്ഷേപ പ്ലാനുകൾക്കും ഒപ്പം നൽകുകയാണ് പെൻഷന് പ്ലാനുകൾ. ഒരിക്കൽ പെൻഷന് പദ്ധതിയിലേയ്ക്ക് അടച്ചു കഴിഞ്ഞാൽ അവ വിരമിക്കൽ വരെയോ അല്ലെങ്കിൽ അകാലത്തിലുള്ള മരണം വരെയോ അടഞ്ഞിരിക്കും. അവർക്ക് അത് പിൻവലിക്കാനോ അല്ലെങ്കിൽ ഒരു കാർ വാങ്ങാനുള്ള ആവശ്യങ്ങൾക്കോ ഉപയോഗിക്കാൻ സാധിക്കുകയില്ല. ജീവനക്കാർക്ക് പെൻഷന് പ്ലാനുകള് ലഭ്യമാക്കുന്ന തൊഴില് ദാതാവോ സ്വകാര്യ വ്യക്തികളോ (അവരുടെ തന്നെ ലാഭത്തിന്) ആയിരിക്കാം.

ഒരു റിട്ടയർമെന്റ് ആനുകൂല്യ പ്ലാൻ എന്നത്, ഫലത്തിൽ വിരമിക്കുമ്പോൾ ആരംഭിക്കുന്ന ഒരു ലൈഫ് ആന്യുറ്റിയാണ്.

പെൻഷന് പ്ലാനുകളുടെ പ്രത്യേകതകളും ആനുകൂല്യങ്ങളും	
ആർജ്ജിക്കല് ഘട്ടം	ഒരു പെൻഷന് പ്ലാനില് രണ്ട് ഘട്ടങ്ങളുണ്ട്: ആർജ്ജവഘട്ടം/നിക്ഷേപ ഘട്ടം കൂടാതെ സ്ഥിര ആന്യുറ്റി ഘട്ടം. ആർജ്ജവ ഘട്ടത്തിൽ ജോലി ചെയ്യുന്ന വർഷങ്ങളില് വ്യക്തി സ്ഥിരമായ അടവ് നടത്തുകയും അത് കക്ഷിയുടെ തന്നെ പേരിൽ ഇൻഷുറൻസ് കമ്പനി നിക്ഷേപിക്കുകയും ചെയ്യുന്നു.
സ്ഥിരം ആന്യുറ്റിഘട്ടം	വിരമിക്കുമ്പോൾ ഒരു വ്യക്തിയ്ക്ക് ആർജ്ജവ ഘട്ടത്തിൽ സ്വരൂപിച്ചത് അതേ ഇൻഷുറൻസ് കമ്പനിയിലോ മറ്റേതെങ്കിലും ഇൻഷുറൻസ് ആ കമ്പനിയിലോ ഒരു ആന്യുറ്റി പ്ലാന് വാങ്ങാനായി ഉപയോഗിക്കാം. ആർജിച്ച ഫണ്ട് അല്ലാതെ വ്യക്തിയ്ക്ക് വിരമിക്കലുമായി ബന്ധപ്പെട്ട് ലഭിച്ച പ്രൊവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി, സൂപ്പർ

	ആനുവേഷൻ മുതലായവയും അല്ലെങ്കിൽ പബ്ലിക് പ്രൊവിഡന്റ് ഫണ്ട്, അല്ലെങ്കിൽ മറ്റ് നിക്ഷേപങ്ങള് എന്നിവയിൽ നിന്ന് ലഭിച്ചവയും ആന്യുറ്റി സ്കീം വാങ്ങാനായി ഉപയോഗിക്കാം. സ്ഥിരമായ ആന്യുറ്റി ഘട്ടത്തില് ഇൻഷുറൻസ് ഇൻഷുററിന് ലംപ് സം തുക സ്ഥിരമായ/ഇടവിട്ടുള്ള പേയ്മെന്റുകള് നടത്തുന്ന വ്യക്തിയുടെ പേരിൽ നിക്ഷേപിക്കുന്നു.
കമ്മ്യൂട്ടേഷൻ	ആന്യുറ്റി പേയ്മെന്റ്/ നടത്തുന്നതിന് മുമ്പ് വ്യക്തിയ്ക്ക് ലംപ് സം തുക പിൻവലിക്കാം. ഇതാണ് കമ്മ്യൂട്ടേഷന് എന്നറിയപ്പെടുന്നത്. ഇൻഷുറൻസ് കമ്പനികള് സാധാരണയായി ആർജ്ജിത ഫണ്ടിന്റെ മൂന്നിലൊന്നാണ് പിൻവലിക്കാന് അനുവദിക്കാറുള്ളത്. ബാക്കിയുള്ള മൂന്നിൽ രണ്ട് വ്യക്തിയ്ക്ക് ആന്യുറ്റി പേയ്മെന്റ് നടത്താനായി ഉപയോഗിക്കേണ്ടതാണ്.
പതിവായ പേയ്മെന്റ്	ആർജ്ജിക്കുന്ന ഘട്ടത്തിൽ വ്യക്തിയ്ക്ക് റിട്ടയർമെന്റ് പ്ലാനിലേയ്ക്കായി മാസ/കാൽ വാർഷിക/അർദ്ധവാർഷിക/വാർഷിക അടിസ്ഥാനത്തിൽ അടയ്ക്കാവുന്നതാണ്. മാത്രമല്ല ഒരു വ്യക്തിയ്ക്ക് റിട്ടയർമെന്റ് ഫണ്ടിലേയ്ക്ക് ഒരൊറ്റ ലംപ് സം തുകയും നിക്ഷേപിക്കാനാകും. ആന്യുറ്റി വാങ്ങുന്ന സമയത്ത് ആന്യുറ്റി പേയ്മെന്റ് മാസ/കാൽ വാർഷിക/അർദ്ധവാർഷിക/വാർഷിക അടിസ്ഥാനത്തിൽ സ്വീകരിക്കാവുന്നതാണ്. മിക്ക ആളുകളും തെരഞ്ഞെടുക്കുന്നത് മാസ ആന്യുറ്റിയാണ്.
ഇൻഷുറൻസ് പരിരക്ഷ	ആന്യുറ്റി പ്ലാനുകൾ അല്ലെങ്കില് പെൻഷന് പ്ലാനുകൾ യാതൊരുവിധ ഇൻഷുറൻസ് പരിരക്ഷയും ലഭ്യമാക്കുന്നില്ല സ്ഥിരമായ ആന്യുറ്റി ഘട്ടത്തിൽ കൂടാതെ ആന്യൂട്ടന്റിന് മരണം സംഭവിച്ച് കഴിയുന്നതോടെ ഒരു ഗാരണ്ടി കാലാവധി ഇല്ലെങ്കിൽ ആന്യുറ്റി നിലയ്ക്കുന്നു. വിഭാഗം ബി5ബി കൂടുതൽ വിവരങ്ങൾക്കായിപരിശോധിക്കുക.
നികുതി പ്രശ്നങ്ങൾ	നിലവിലുള്ള നികുതി നിയമങ്ങള് പ്രകാരം വാർഷിക വരുമാനം പെൻഷന് പ്ലാനില് വ്യക്തമാക്കിയിട്ടുള്ളതു പ്രകാരം ആർജ്ജിത ഘട്ടത്തിലെ നിലവാരവും കൂടാതെ നികുതി നിയമ പ്രകാരം ഉള്ള കിഴിവും നിശ്ചിത തുക ഇൻകം ടാക്സിൽ നിന്നും കുറയ്ക്കാം. മൂന്നിലൊന്ന്

	ആളിന് ഇൻകം ടാക്സില്ലാതെ ഒരു തുക പിൻവലിക്കാന് സാധിക്കും.
പതിവായ അടയ്ക്കൽ	സ്വരൂപ ഘട്ടത്തിൽ ഒരു വ്യക്തിയ്ക്ക് ഇൻഷുറൻസ് കമ്പനിയിലേയ്ക്ക് ഒറ്റത്തവണയായോ അല്ലെങ്കിൽ ഘട്ടം ഘട്ടമായോ ലംപ് സം അടയ്ക്കാവുന്നതാണ്.
പരമ്പരാഗത/യൂണിറ്റ്-ലിങ്ക്ഡ്	സ്വരൂപണഘട്ടത്തിൽ വ്യക്തിയ്ക്ക് ഒരു പരമ്പരാഗത പെൻഷന് പ്ലാനിലോ അല്ലെങ്കിൽ ഒരു യൂണിറ്റ്-ലിങ്ക്ഡ് പെൻഷന് പ്ലാനിലോ അവരുടെ താൽപര്യത്തിനനുസരിച്ച് തെരഞ്ഞെടുക്കാം. ഒരു പരമ്പരാഗത പെൻഷന് പ്ലാൻ അതിന്റെ മിക്കവാറും തുക സർക്കാര് സെക്യൂരിറ്റികളില് നിക്ഷേപിക്കുന്നു, അതേ സമയം ഒരു യൂണിറ്റ്-ലിങ്ക്ഡ് റിട്ടയർമെന്റ് പ്ലാന് വ്യക്തിയ്ക്ക് ഫണ്ട് ഇക്വിറ്റി ഫണ്ടിലോ, ഡെബിറ്റ് ഫണ്ടിലോ, ബാലൻസ് ഫണ്ടിലോ അല്ലെങ്കിൽ മറ്റേതെങ്കിലും ഫണ്ടിലോ ഇടണമെന്നുണ്ടെങ്കില് ലഭ്യമായ ഓപ്ഷനുകളിൽ നിന്ന് അത് സാധിച്ചു തരുന്നതാണ്.
പേയൌട്ട് തരം	സ്ഥിരം ആന്യുറ്റി കാലാവധി ഘട്ടത്തിൽ ചില ആന്യുറ്റികൾ ആന്യുറ്റന്റിന് സ്ഥിരമായ പേയ്മെന്റുകള് നൽകുമ്പോള് ചിലര് പണപ്പെരുപ്പ പട്ടികയനുസരിച്ച് ഒരു നിശ്ചിത ശതമാനം വർദ്ധന തുകയില് നൽകുന്നു.

2010 സെപ്തംബര് 1 ന് പ്രയോഗത്തില് വന്ന ഐആർഡിഎ നിയമങ്ങൾ പ്രകാരം, എല്ലാ യൂണിറ്റ്-ലിങ്ക്ഡ് പെൻഷന് പ്ലാനുകളും ഇൻഷുറർമാർക്ക് ചുരുങ്ങിയത് 4.5% വരുമാനം (എല്ലാ പ്രീമിയങ്ങളും അടച്ചിട്ടുണ്ടെങ്കിൽ) ഉറപ്പു നൽകേണ്ടതുണ്ട്. മാത്രമല്ല സ്വരൂപണ ഘട്ടത്തിൽ ഭാഗികമായ പിൻവലിക്കലുകള് അനുവദിക്കുകയുമില്ല.

ചോദ്യം 7.3

കമ്മ്യൂട്ടേഷന്റെ അർത്ഥം വിശദീകരിക്കുക

സി. സാമ്പത്തിക ഉൽപന്നങ്ങൾക്കുള്ള നികുതി കൂടാതെ പണപ്പെരുപ്പ പ്രശ്നങ്ങൾ

2011 ലെ ധനകാര്യ ബില്ലിൽ പുറപ്പെടുവിച്ച തീരുമാനം പോലെ 2012 ഏപ്രിൽ 1 മുതല് പുതിയ ഡയറക്റ്റ് ടാക്സ് കോഡ് (ഡിടിസി) നിലവിൽ വരും. ഇത് നിലവിലിരിക്കുന്ന എല്ലാ ലൈഫ് ഇൻഷുറൻസ് പോളിസികളിലും നികുതിയുടെ കാര്യത്തിൽ ഒരു ഏജന്റ് എന്ന നിലയ്ക്ക് ലൈസൻസ് ലഭിക്കുമ്പോള് അത്യാവശ്യമായി വരും.

സി1. സാമ്പത്തിക ഉൽപന്നങ്ങൾക്കുള്ള നികുതി പ്രശ്നങ്ങൾ

- **ഹെൽത് ഇൻഷുറൻസ് പ്ലാനുകള്**: നിലവിലുള്ള നികുതി നിയമപ്രകാരം, ആരോഗ്യവുമായി ബന്ധപ്പെട്ട ഇൻഷുറൻസ് പ്ലാനുകൾക്ക് നികുതി ഇളവുണ്ട്. ഇൻകം ടാക്സ് നിയമത്തിന്റെ പ്രസക്തമായ വകുപ്പിലെ വരുമാനം. വ്യക്തി ഒരു മുതിർന്ന പൌരനാണെങ്കില് (65 വയസ്സും അതിന് മുകളിലും) ഇളവ് മറ്റ് വ്യക്തികള്ക്ക് അനുവദനീയമായതിലും കൂടുതലായിരിക്കും. ഒരു വ്യക്തിയ്ക്ക് പ്രീമിയം സ്വയം, പങ്കാളി, കുട്ടികൾ കൂടാതെ രക്ഷിതാക്കൾ എന്നിവരുടെ പേരിലുള്ള ആനുകൂല്യത്തിനായി ഉപയോഗിക്കാം.
- **റൈഡറുകൾ**: ഇൻഷുറൻസ് റൈഡറുകള്ക്കായി അടച്ചിട്ടുള്ള പ്രീമിയം ഇൻകം ടാക്സ് നിയമം പ്രകാരം കിഴിവിന് യോഗ്യമാണ്.
- **പെൻഷന് പ്ലാൻ** പെൻഷന് പ്ലാനുകൾക്കായി അടച്ചിട്ടുള്ള (ഒരു നിശ്ചിത നില വരെ) പ്രീമിയം ഇൻകം ടാക്സ് നിയമം പ്രകാരം കിഴിവിന് യോഗ്യമാണ്. കമ്മ്യൂട്ടേഷൻ നടത്തുമ്പോള് സ്വരൂപിച്ച ഫണ്ടിന്റെ മൂന്നിലൊന്ന് വ്യക്തിയ്ക്ക് ലംപ് സമായി നികുതി രഹിതമായി പിൻവലിക്കാന് സാധിക്കും. ഒരു വ്യക്തി സ്ഥിരമായി കൈപ്പറ്റുന്ന ആന്യുറ്റി വരുമാനമായിത്തന്നെ കണക്കാക്കുകയും അവർക്ക് വരുന്ന നികുതി സ്ലാബുകൾക്കും നിരക്കുകൾക്കുമനുസരിച്ച് നികുതിയുടെ പരിധിയില് വരികയും ചെയ്യും.

സി2. സാമ്പത്തിക ഉൽപന്നങ്ങൾക്കുള്ള പണപ്പെരുപ്പ പ്രശ്നങ്ങൾ

അദ്ധ്യായം 5 ലും 6 ലും നമ്മൾ കണ്ടത് പണപ്പെരുപ്പം ഇൻഷുറൻസിലും അതിന്റെ സാമ്പത്തിക ഉൽപന്നങ്ങളിലും ഉണ്ടാക്കുന്ന ഗുരുതരമായ പ്രത്യാഘാതങ്ങളെക്കുറിച്ചാണ്. അതുപോലെതന്നെ ആരോഗ്യപരിരക്ഷയുടെ ചെലവിന്റെ കാര്യത്തിലും വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. മാത്രമല്ല അത് വ്യക്തികൾ അവരുടെ ആരോഗ്യ പരിരക്ഷ ഇന്നത്തെ ആവശ്യത്തിന് മതിയാകുന്നത് ഭാവിയിൽ തികയും എന്ന് ഉറപ്പില്ലാതാണ് എന്നിരുന്നാലും, ചില ആരോഗ്യ ഇൻഷുറൻസ് പ്ലാനുകള് പണപ്പെരുപ്പ പ്രശ്നങ്ങൾ മനസ്സിലാക്കിക്കൊണ്ട് ഹെൽത് കവറും അതിനോടൊപ്പം വ്യക്തിഗതമായ ആവശ്യങ്ങൾക്കനുസരിച്ച് സ്ഥിരമായി മാറ്റങ്ങൾ വരുത്താന് പാകത്തിന് തയ്യാറാക്കപ്പെട്ടതാണ്. ചില ഹെൽത് പ്ലാനുകളും ലൈഫ് ഇൻഷുറൻസ്

പ്ലാനുകളും ഇൻഷേ്വർഡിനെ ഗുരുതരരോഗറൈഡര് ചേർക്കാന് അനുവദിക്കുന്നുണ്ട്. ഇത് വ്യക്തിയ്ക്ക് സിഐ ഉണ്ട്എന്ന് തിരിച്ചറിയുകയാണെങ്കിൽ വളരെ സഹായകരമാകുന്ന ഒരു പരിരക്ഷയാണ്.

പണപ്പെരുപ്പ നിരക്കിന് ജീവിതച്ചെലവുകളെ ഗുരുതരമായ രീതിയിൽ ബാധിക്കാൻ സാധിക്കും. വിരമിച്ച വർഷങ്ങളില് ഒരു വ്യക്തിയ്ക്ക് മറ്റൊരുവിധ വരുമാനങ്ങളുമുണ്ടായിരിക്കില്ല, അതിനാൽ ഒരു റിട്ടയർമെന്റ് പ്ലാനായി വ്യക്തി തെരഞ്ഞെടുക്കേണ്ടത് വരും കാലത്തെ പണപ്പെരുപ്പ വർദ്ധനവുകളെക്കൂടി കണക്കിലെടുക്കേണ്ട പ്ലാനുകളാണ്. ചില റിട്ടയർമെന്റ് പ്ലാനുകള് ആന്യുറ്റി പേയ്മെന്റ് എല്ലാ വർഷവും പണപ്പെരുപ്പത്തിനനുസരിച്ച് ഒരു നിശ്ചിത ശതമാനം വർദ്ധനവ് നൽകുന്നു, അത് ഫലപ്രദമായി പണപ്പെരുപ്പത്തെ നേരിടാൻ സഹായിക്കുന്നു.

ഡി. ആവശ്യാനുസരണം സാമ്പത്തിക ഉൽപന്നങ്ങളെ പ്രയോഗിച്ചുകൊണ്ട് ആവശ്യങ്ങളെ മുൻഗണനാ അടിസ്ഥാനത്തിൽ തിരിക്കുക

കുടുംബത്തിലെ സാമ്പത്തിക വരുമാനമുള്ള ആൾക്ക് ഗുരുതരമായ ഒരു രോഗമുണ്ടാവുകയും അയാൾ ഒരുപാട് ദിവസം ആശുപത്രിയിലാവുകയും ചെയ്തു, ഇത് ആ കുടുംബത്തിന്റെ സാമ്പത്തിക നിലയെ രണ്ട് തരത്തിൽ ബാധിക്കും - ഒന്ന്, മറ്റ് കാര്യങ്ങൾക്കായി മാറ്റിവെച്ചിരുന്ന രൂപ ഇക്കാര്യത്തിന് ഉപയോഗിച്ചു, അല്ലെങ്കിൽ രണ്ടാമതായി, വരുമാന ദാതാവിനെ ആശുപത്രിയിലാക്കല് സാമ്പത്തികമായി ഒരു വരുമാന പ്രശ്നം ഉണ്ടാക്കി. ഏറ്റവും മോശമായ അവസ്ഥയിൽ കുടുംബത്തിന് ആശുപത്രി ബില്ല് അടയ്ക്കാൻ ലോണ് പോലും എടുക്കേണ്ടി വന്നേക്കാം. ഇത് കുടുംബത്തെ കടക്കെണിയിലാക്കുകയും തിരിച്ചടക്കാൻ വരുമാനമില്ലാതാവുകയും ചെയ്യുന്നു. ഹെൽത് ഇൻഷുറൻസ് പ്ലാനുകള് ഈ അവസരത്തിലാണ് കുടുംബത്തെ രക്ഷിക്കുന്നത്. ആശുപത്രി ബില്ലുകൾ അടയ്ക്കുകയും വരുമാന നഷ്ടത്തിന് ഇൻഷേ്വർഡിന് ദിവസവും നഷ്ടപരിഹാരം ചെയ്യുകയും ചെയ്യുന്നതുകൊണ്ട്. ഇതിനാലാണ് ഇൻഷുറൻസിന് വ്യക്തികള് മുൻഗണന നൽകണം എന്നു പറയുന്നത്.

കുടുംബത്തിലെ വരുമാനദാതാവ് വ്യക്തിഗത ലൈഫ് ഇൻഷുറൻസ് പോളിസി എടുത്തു കഴിഞ്ഞാൽ അവര് സ്വയം ഹെൽത് ഇൻഷുറൻസ് എടുക്കുകയും കുടുംബത്തിനൊന്നാകെ അത് തരപ്പെടുത്തുകയും ചെയ്യേണ്ടതാണ്. വ്യക്തിയ്ക്ക് ആക്സിഡന്റല് മരണാനുകൂല്യ റൈഡർ കൂടാതെ ഒരു വൈകല്യ റൈഡർ എന്നിവ എടുത്ത് അവരുടെ ലൈഫ് ഇൻഷുറൻസ് പരിരക്ഷയെ പരിപോഷിപ്പിക്കാവുന്നതാണ്, അല്ലെങ്കിൽ അവർക്ക് പ്രത്യേക വ്യക്തിഗത ദുർഘടന ഇൻഷുറൻസ് വാങ്ങാവുന്നതാണ്. തന്റെ കുടുംബത്തിന് ഹെൽത് ഇൻഷുറൻസ്

ലഭ്യമാക്കുമ്പോൾ ഒരു വ്യക്തി ശ്രമിക്കേണ്ടത് എല്ലാ കുടുംബാംഗങ്ങൾക്കുമായുള്ള വ്യക്തിഗത ഹെൽത് പ്ലാനുകൾക്ക് പകരം ഫാമിലി ഫ്ലോട്ടർ പ്ലാനുകള് തെരഞ്ഞെടുക്കാനാണ്. ഒരു ഫാമിലി ഫ്ലോട്ടറിൽ കുടുംബാംഗങ്ങൾക്ക് പരസ്പരം നിശ്ചിത അനുപാതത്തിലല്ലാതെ പങ്കുവെയ്ക്കാം.

നമ്മൾ മുമ്പ് പ്രസ്താവിച്ചതുപോലെ, ഒരുപാടാളുകൾ മുൻഗണന നൽകുന്നത് കുട്ടികളുടെ വിദ്യാഭ്യാസം വിവാഹം എന്നിവയ്ക്ക് അവരുടെ റിട്ടയർമെന്റ് പ്ലാനുകളെക്കാള് മുൻഗണന നൽകുകയാണ്. ഒരു പ്രൊഫഷണൽ ലൈഫ് ഇൻഷുറൻസ് ഏജന്റിനെ തന്റെ കക്ഷികളെ എത്രയും പെട്ടന്ന് പെൻഷനന് പ്ലാനിലേയ്ക്ക് സംഭാവന ചെയ്തു തുടങ്ങാൻ പ്രേരിപ്പിക്കുകയാണ് ചെയ്യേണ്ടത്, അവർ തീരെ ചെറിയ സംഖ്യയിൽ തുടങ്ങിയാലും പിന്നീടത് ക്രമമായി ഉയർത്താവുന്നതാണ്.

ചുരുക്കം

നമ്മളിപ്പോൾ ലൈഫ് ഇൻഷുറൻസ് ഏജന്റുമാര് അറിഞ്ഞിരിക്കേണ്ട ഉൽപന്നങ്ങളുടെ ഒരു ശ്രേണിയെക്കുറിച്ച് പഠിച്ചു കഴിഞ്ഞു. ഈ അദ്ധ്യായത്തിൽ നമ്മൾ പ്രധാനമായും പരിഗണിച്ചത്

വയസ്സുകാലത്തെ ആവശ്യങ്ങൾ എത്രയും പെട്ടന്നുതന്നെ പരിഗണിച്ച് സംതൃപ്തവും ആനന്ദകരമായതുമായ ഒരു വിരമിക്കൽ സാദ്ധ്യമാക്കുന്നതെങ്ങനെ എന്നാണ്. മാത്രമല്ല നമുക്കിപ്പോൾ ഒരുപാടുതരം ഹെൽത് പ്ലാനുകള്, റൈഡറുകള് കൂടാതെ ആന്യുറ്റികൾ എന്നിവ ആരോഗ്യപ്രശ്നങ്ങൾ മൂലവും സാമ്പത്തിക പ്രശ്നങ്ങൾ മൂലവും സ്ഥിരവരുമാനത്തിന്റെ സുരക്ഷയില്ലാത്ത അവസരങ്ങളെ മറികടക്കുന്നതെങ്ങനെ എന്നും നമ്മൾ പഠിച്ചു.

തുടരുന്നതിനുമുമ്പ് അദ്ധ്യായം 5 ഒന്ന് പുനഃസന്ദർശിക്കുക, അദ്ധ്യയം 6 ന്റെ കൂടാതെ ഈ ഭാഗങ്ങള് പരിശോധിച്ച് ഈ അദ്ധ്യായത്തിൽ പരാമർശിച്ചിട്ടുള്ള വിഷയങ്ങൾ കക്ഷിയുടെ മൊത്തത്തിലുള്ള ആവശ്യങ്ങളെ എങ്ങനെ സമീപിക്കുന്നു എന്നും ലൈഫ് ഇൻഷുറൻസ് കൂടാതെ സേവിംഗ്സ് ഉൽപന്നങ്ങള് എന്നിവ എങ്ങനെ അവരുടെ പ്രത്യേക സാഹചര്യങ്ങൾക്ക് അനുയോജ്യമാണ് എന്നവരെ മനസ്സിലാക്കും.

അടുത്ത അദ്ധ്യായത്തിൽ പ്രത്യേകിച്ചും നമ്മൾ കക്ഷിയുടെ ആവശ്യങ്ങളെക്കുറിച്ച് പഠിക്കും.

നിങ്ങൾ കക്ഷിയുടെ ജീവിതസന്ധികളെ എങ്ങനെ മനസ്സിലാക്കി അനുയോജ്യമായത് തെരഞ്ഞെടുക്കുന്നു എന്ന കാര്യത്തിലോ ഊന്നുക

അതിനെ സ്വാധീനിക്കുന്നതിനായി നിങ്ങൾ എന്ത് ഉപദേശമാണ് നൽകുക എന്ന കാര്യത്തിലും.

പ്രധാന കാര്യങ്ങൾ
മറ്റ് സാമ്പത്തിക ആവശ്യങ്ങൾ
• ഒരു വ്യക്തിയുടെ മറ്റ് സാമ്പത്തിക ആവശ്യങ്ങളിൽ ഹെൽത്ത് ഇൻഷുറൻസ്, ഇൻഷുറൻസ് റൈഡറുകള്, റിട്ടയർമെന്റ് പ്ലാനുകള് മുതലായ ഉൾക്കൊള്ളുന്നു.
• ഹെൽത്ത് ഇൻഷുറൻസ് പ്ലാനുകള് നിങ്ങളുടെ കുടുംബത്തെ ആശുപത്രി ചെലവുകളിൽ നിന്ന്, ഒരുപക്ഷെ ഡോക്ടർമാരുടെ ഫീസ്, മരുന്നുകൾ, മുറിവാടക കൂടാതെ മറ്റ് വൈദ്യ ചെലവുകളിൽ നിന്നും സംരക്ഷിക്കുന്നു.
• ഇൻഷുറൻസ് റൈഡറുകള് കുറഞ്ഞ ചെലവിൽ അധിക ആനുകൂല്യങ്ങള് നൽകുന്നു. റൈഡറുകൾ ഒരു ഇൻഷുറൻസ് പോളിസിയുടെ ഇച്ഛാനുസൃതമായ മാറ്റത്തിന് സഹായിക്കുന്നു.
• റിട്ടയർമെന്റ് പ്ലാനുകള് വിരമിക്കലിനു ശേഷവും ജീവിത ശൈലി അതുപോലെ തുടരാൻ സഹായിക്കുന്നു.
മറ്റ് പ്രധാന ഉൽപന്നങ്ങളുടെ പ്രത്യേകതകളും ആനുകൂല്യങ്ങളും
• മറ്റ് ഘടകങ്ങള് സ്ഥിരമായി നിൽക്കും എന്ന് ഊഹിച്ചുകൊണ്ട്, പ്രീമിയം ഹെൽത്ത് പ്ലാന് വയസ്സിനനുസരിച്ച് വർദ്ധിക്കുന്നു.
• ഹെൽത്ത് പ്ലാനുകള് അവരുടെ ശൃംഖലയിൽപെട്ട ആശുപത്രികളിൽ രൂപ വാങ്ങാതെ ചികിത്സിക്കുകയോ അല്ലെങ്കിൽ മറ്റ് ആശുപത്രികളിൽ നഷ്ടപരിഹാരം നൽകുക വഴിയോ നിറവേറുന്നു.
• റൈഡറുകള് നിലവാരം വർദ്ധിപ്പിക്കുകയും പരിരക്ഷയെ പരിപോഷിപ്പിക്കുകയും ചെയ്യുന്നു.
• പെൻഷന് പ്ലാനുകൾക്ക് രണ്ട് ഘട്ടമുണ്ട്: വ്യക്തി സ്ഥിരം ലംപ് സം സംഭാവനകൾ നൽകുന്ന സ്വരൂപണഘട്ടം കൂടാതെ ഇൻഷുറൻസ് കമ്പനി ആന്യൂട്ടന്റിന് സ്ഥിരം പേയ്മെന്റുകള് നടത്തുന്ന ആന്യുറ്റി ഘട്ടം.
• സ്വരൂപിച്ച ഫണ്ടിന്റെ മൂന്നിലൊന്ന് ഒരു വ്യക്തിയ്ക്ക് ഇൻകം ടാക്സ് കൂടാതെ കമ്മ്യൂട്ട് ചെയ്യാം, അതേസമയം ബാക്കി രണ്ടുഭാഗം ഒരു ആന്യുറ്റി വാങ്ങാൻ ഉപയോഗിക്കുകയും വേണം.
• റിട്ടയർമെന്റ് പ്ലാനുകൾക്കായി നടത്തിയിട്ടുള്ള തുക നികുതി നിയമ പ്രകാരം നികുതി ഇളവുകളുള്ളതാണ്. ആന്യൂട്ടന്റിന് ലഭിക്കുന്ന സ്ഥിരം ആന്യുറ്റി നികുതിയുടെ പരിധിയിൽ വരുന്നതാണ്.
• ആന്യുറ്റിയെ അവ അടയ്ക്കുന്നതിന്റെ തുടർച്ച, പേയൌട്ട് തരങ്ങൾ, പേയൌട്ട് ആരംഭിക്കുന്നതിനെടുക്കുന്ന സമയം, ആനുകൂല്യം ലഭിക്കുന്ന ആളുകളുടെ എണ്ണം മുതലായവയുടെ അടിസ്ഥാനത്തിൽ തരംതിരിക്കാം.
വ്യത്യസ്ത തരം സാമ്പത്തിക ഉൽപന്നങ്ങള്
• ഹെൽത്ത് ഇൻഷുറൻസ് പ്ലാനില് നാല് പ്രധാന തരമുണ്ട്: വ്യക്തിഗത ഹെൽത്ത് പ്ലാനുകള്, ഫാമിലി ഫ്ലോട്ടർ ഹെൽത്ത് പ്ലാൻ, ഗ്രൂപ്പ് ഹെൽത്ത് ഇൻഷുറൻസ് പ്ലാൻ, ദിവസ ഹോസ്പിറ്റലൈസേഷൻ കാഷ് ബെനഫിറ്റ്

പ്ലാൻ.
• ദുർഘടന മൃത്യു ബെനിഫിറ്റ് റൈഡര് സാധാരണ തുകയെക്കാളും അധികമായ തുക അപകടം മൂലം മരണമുണ്ടാവുകയാണെങ്കിൽ ലഭ്യമാക്കുന്നു.
• ടേം റൈഡർ ഒരു പോളിസിയിലെ മരണ പരിരക്ഷ പരിപോഷിപ്പിക്കാൻ ഉപയോഗിക്കാം.
• ക്രിറ്റിക്കൽ ഇൽനസ്സ് റൈഡര് ഇൻഷ്വേർഡിന് ഗുരുതര രോഗം കണ്ടെത്തുകയാണെങ്കിൽ പ്രയോജനപ്പെടുന്നു.
• വേയവർ ഓഫ് പ്രീമിയം റൈഡർ ഇൻഷ്വേർഡിന് വൈകല്യം സംഭവിക്കുകയാണെങ്കിൽ ഭാവി പ്രീമിയമുകളുടെ കാര്യം ഏറ്റെടുക്കുന്നു.
• ആന്യുറ്റി പ്ലാനുകളുടെ വേരിയന്റുകള്: ലൈഫ് ആന്യുറ്റി, ഗാരണ്ടീഡ് പിരീഡ് ആന്യുറ്റി, ജോയിന്റ് ലൈഫ് സര്വൈവര് ആന്യുറ്റി, ലൈഫ് ആന്യുറ്റി വിത്ത് റിട്ടേൺ ഓഫ് ദ ബാലൻസ് ഓഫ് പർച്ചേസ് പ്രൈസ്, ഇൻക്രീസിംഗ് ആന്യുറ്റി.
സാമ്പത്തിക ഉൽപന്നങ്ങളുടെ പണപ്പെരുപ്പ പ്രശനങ്ങൾ
• നികുതി നിയമ പ്രകാരം ഒരു നിശ്ചിത പരിധിവരെ അടയ്ക്കുന്ന ഹെല്ത്യ ഇൻഷുറൻസ് പ്ലാന് പ്രീമിയമുകള് നികുതിയുടെ പരിധിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു.
• നിലവിലെ നികുതി നിയമ വകുപ്പുകൾ അനുസരിച്ച് റിട്ടയർമെന്റ് പ്ലാനുകളിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് നികുതി ഇളവുകളുണ്ട്. ഒരു വ്യക്തിയ്ക്ക് സ്ഥിരമായി ലഭിക്കുന്ന വരുമാനം നികുതിയുടെ പരിധിയിൽ വരും.
• പണപ്പെരുപ്പം മൂലം, ഇന്ന് മതിയെന്നു തോന്നുന്ന ഹെൽത് ഇൻഷുറൻസ് പരിരക്ഷ നാളെ ഒരു പതിറ്റാണ്ടിനകം തന്നെ പോരാതായെന്നു വരും
ആവശ്യങ്ങളെ മുൻഗണനാടിസ്ഥാനത്തില് തിരിക്കുകയും അവയെ ആവശ്യാനുസരണം സാമ്പത്തിക ഉൽപന്നങ്ങളില് പ്രയോഗിക്കലും
• ഹെൽത് ഇൻഷുറൻസ് പ്ലാനുകള് ആശുപത്രി പ്രവേശനം കുടുംബത്തിലെ വരുമാനദാതാവിന് ആവശ്യമായി വരികയാണെങ്കിൽ സഹായകരമായിരിക്കുന്നു.
• റിട്ടയർമെന്റ് മറ്റ് സാമ്പത്തിക ലക്ഷ്യങ്ങളിൽ നിന്നെല്ലാം വളരെ അകലെയാണെങ്കിലും, വ്യക്തി ഈ ലക്ഷ്യത്തിന് കുറഞ്ഞ പ്രാധാന്യം നൽകിയാല് പോരാ, അവർക്ക് കുറഞ്ഞ ഒരു തുകയിൽ നിന്ന് തുടങ്ങി പിന്നീട് അത് വർദ്ധിപ്പിക്കാം.

	ചോദ്യോത്തരങ്ങൾ
7.1	ഹെൽത് പ്ലാനുകളുടെ ചില പ്രത്യേകതകളും ആനുകൂല്യങ്ങളും: • വിലയിടൽ; • കാശില്ലാത്ത സൌകര്യം;

	• വൈദ്യപരിശോധന; • മുമ്പ് ഉള്ള രോഗത്തിനുള്ള പരിരക്ഷ; • സഹ-പേയ്മെന്റ്; • നോ-ക്ലെയിം ബോണസ്സ് • അതിവേഗ പരിചരണം; കൂടാതെ • സേവിംഗ്സിൽ നിന്നോ അല്ലെങ്കിൽ ലോണുകളില് നിന്നോ ലംപ് സം ആവശ്യമില്ലാതിരിക്കുക.
7.2	ഇൻഷുററർമാർക്കിടയില് ഗുരുതര രോഗങ്ങളുടെ പട്ടിക പലതരത്തിലായിരിക്കും. ക്രിറ്റിക്കൽ ഇൽനെസ്സ് റൈഡര് പരിരക്ഷിച്ചിട്ടുള്ള ചില ഗുരുതര രോഗങ്ങൾ: 1. ഹൃദയാഘാതം 2. അർബുദം 3. വൃക്ക നിലയ്ക്കുക 4. പ്രധാന അവയവം മാറ്റി വെയ്ക്കൽ 5. പക്ഷാഘാതം 6. അയോര്ട്ട സർജറി 7. അന്ധത 8. പാരപ്ലീജിയ 9. കോമ 10. മൾട്ടിപ്പിള് സെലറോസിസ്
7.3	**കമ്മ്യൂട്ടേഷൻ:** ആന്യുറ്റി പേയ്മെന്റ് നടത്തുന്നതിന് മുമ്പ് വ്യക്തിയ്ക്ക് ലംപ് സം തുക പിൻവലിക്കാം. ഇതാണ് കമ്മ്യൂട്ടേഷന് എന്നറിയപ്പെടുന്നത്. ഇൻഷുറൻസ് കമ്പനികള് സാധാരണയായി ആർജ്ജിത ഫണ്ടിന്റെ മൂന്നിലൊന്നാണ് പിൻവലിക്കാന് അനുവദിക്കാറുള്ളത്. ബാക്കിയുള്ള മൂന്നിൽ രണ്ട് വ്യക്തിയ്ക്ക് ആന്യുറ്റി പേയ്മെന്റ് നടത്താനായി ഉപയോഗിക്കേണ്ടതാണ്.

സ്വയം- പരീക്ഷാ ചോദ്യങ്ങൾ
1.വിപണിയിൽ ലഭ്യമായ ചില ആന്യുറ്റി പ്ലാനുകള് പട്ടികപ്പെടുത്തുക.
2.ആക്സിഡന്റില് മൃത്യു ബെനിഫിറ്റ് റൈഡര് വിശദമാക്കുക.
3. ആന്യുറ്റി പ്ലാനിന്റെ രണ്ട് ഘട്ടങ്ങള് വിശദമാക്കുക.

നിങ്ങൾക്ക് അടുത്ത പേജില് ഉത്തരങ്ങള് കാണാം

സ്വയം - പരീക്ഷാ ചോദ്യങ്ങള്
1. വിപണിയിൽ ലഭ്യമായ ചില ആന്യുറ്റി പ്ലാനുകൾ: • ലൈഫ് ആന്യുറ്റി; • ഗാരണ്ടീഡ് പിരീഡ് ആന്യുറ്റി; • ജോയിന്റ് ലൈഫ്, ലാസ്റ്റ് സര്വയര് ആന്യുറ്റി; • ലൈഫ് ആന്യുറ്റി വിത്ത് റിട്ടേൺ ഓഫ് ദ ബാലൻസ് ഓഫ് പർച്ചേസ് പ്രൈസ്; • ഇൻക്രീസിംഗ് ആന്യുറ്റി.
2. ഇൻഷ്വേർഡിന് അപകടം മൂലം മരണം സംഭവിച്ച് ആനുകൂല്യം ലഭിക്കാന്, ഈ റൈഡർ മറ്റൊരു അധിക തുക റൈഡർ എടുക്കുന്ന സമയത്ത് സാധാരണ തുകയ്ക്കും അധികമായി അടയ്ക്കേണ്ടതാണ്. മരണം ബാഹ്യമായ അപകടം മൂലവും കാഴ്ചയ്ക്ക് അപകടം നടന്ന പ്രതീതി ജനിപ്പിക്കുന്നതുമായിരിക്കണം. ഈ റൈഡറിൽ നടത്തിയ പേയ്മെന്റ് പോളിസിയില് വ്യക്തമാക്കിയിട്ടുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും ബാധകമായിരിക്കും. ഒരു എഡിബി റൈഡര് ഇൻഡ്യയില് വർദ്ധിച്ചുവരുന്ന അപകട നിരക്കുപ്രകാരം ഉയർന്ന പ്രാധാന്യമുള്ളതാണ്. റൈഡർ ആനുകൂല്യം ലഭിക്കാത്ത ഒഴിവാക്കലുകളുള്ള കാര്യങ്ങൾ കമ്പനി ഉൽപന്നങ്ങളില് പ്രത്യേകം പരാമർശിക്കും.
3. ആന്യുറ്റി പ്ലാനിന്റെ രണ്ട് ഘട്ടങ്ങള് സ്വരൂപണ ഘട്ടവും കൂടാതെ സ്ഥിരം ആന്യുറ്റി ഘട്ടവും ഉള്ക്കൊള്ളുന്നു: **സ്വരൂപണ ഘട്ടം:** ഒരു പെൻഷന് പ്ലാനില് രണ്ട് ഘട്ടങ്ങളുണ്ട്: ആർജ്ജവ ഘട്ടം/നിക്ഷേപഘട്ടം കൂടാതെ സ്ഥിര ആന്യുറ്റി ഘട്ടം. ആർജ്ജവഘട്ടത്തില് ജോലി ചെയ്യുന്ന വർഷങ്ങളില് വ്യക്തി സ്ഥിരമായ അടവ് നടത്തുകയും അത് കക്ഷിയുടെ തന്നെ പേരിൽ ഇൻഷുറൻസ് കമ്പനി നിക്ഷേപിക്കുകയും ചെയ്യുന്നു. **സ്ഥിരം ആന്യുറ്റി ഘട്ടം:** വിരമിക്കുമ്പോൾ ഒരു വ്യക്തിയ്ക്ക് ആർജ്ജവ ഘട്ടത്തിൽ സ്വരൂപിച്ചത് അതേ ഇൻഷുറൻസ് കമ്പനിയിലോ മറ്റേതെങ്കിലും ഇൻഷുറൻസ് കമ്പനിയിലോ ഒരു ആന്യുറ്റി പ്ലാൻ വാങ്ങാനായി ഉപയോഗിക്കാം. ആർജിച്ച ഫണ്ട് അല്ലാതെ വ്യക്തിയ്ക്ക് വിരമിക്കലുമായി ബന്ധപ്പെട്ട് ലഭിച്ച പ്രൊവിന്റ് ഫണ്ട്,

ഗ്രാറ്റുവിറ്റി, സൂപ്പർ ആനുവേഷന് മുതലായവയും അല്ലെങ്കിൽ പബ്ലിക് പ്രൊവിഡന്റ് ഫണ്ട്, അല്ലെങ്കിൽ മറ്റ് നിക്ഷേപങ്ങൾ എന്നിവയില് നിന്ന് ലഭിച്ചവയും ആന്യുറ്റി സ്കീം വാങ്ങാനായി ഉപയോഗിക്കാം. സ്ഥിരമായ ആന്യുറ്റി ഘട്ടത്തിൽ ഇൻഷുററിന് ലംപ് സം തുക സ്ഥിരമായ/ഇടവിട്ടുള്ള പേയ്മെന്റുകള് നടത്തുന്ന വ്യക്തിയുടെ പേരിൽ നിക്ഷേപിക്കുന്നു.